393
Pages 12

# ഹാലേലൂയ്യ

01-15 MARCH, 2013 • ക്രൈസ്തവ ദ്വൈവാരിക

Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-

ചൈനയിലെ ഒരു വീട്ടുസഭ



# ചൈനയിൽ വീട്ടുസഭകളെ ഉന്മൂലനം ചെയ്യുന്നു

ബൈജിംഗ്: ചൈനയിൽ വർദ്ധിച്ചു വരുന്ന ക്രൈസ്തവ സ്വാധീനത്തെ അമർച്ച ചെയ്യുവാൻ കമ്യൂണിസ്റ്റ് ഗവൺമെന്റ് ത്രിതല പദ്ധതി നടപ്പാക്കുന്നു. ത്രീ സെൽഫ് പേട്രിയോട്ടിക് മൂവ്മെന്റ് എന്ന പേരിൽ (TSPM) ആരംഭിച്ച പദ്ധതിക്ക് മൂന്ന് ഘട്ടങ്ങളാണുള്ളത്. ഒന്നാം ഘട്ടം 2012 ജനുവരി മുതൽ ജൂൺ വരെയായിരുന്നു. ഈ ഘട്ടത്തിൽ ചൈനയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന രജിസ്റ്റർ ചെയ്യാത്ത സഭകളെ കണ്ടെത്തുവാനുള്ള ശ്രമമായിരുന്നു നടന്നത്. അതനുസരിച്ച് ഒന്നാം ഘട്ടത്തിൽ തന്നെ ലക്ഷകണക്കിന് രഹസ്യ സഭകളെ കണ്ടെത്തിക്കഴിഞ്ഞു.

ക്രൂരമായ അടിച്ചമർത്തുകളിലൂടെയും ഞെട്ടിപ്പിക്കുന്ന പീഡനങ്ങളിലൂടെയും ചൈനയിലെ ഗവൺമെന്റും കമ്യൂണിസ്റ്റ് പാർട്ടിയും ക്രൈസ്തവ വിശ്വാസത്തെ ചൈനയിൽ നിന്ന് പിഴുതെറിയുവാൻ പതിറ്റാണ്ടുകളായി ശ്രമിക്കുകയാണ്. രണ്ടു തരത്തിലുള്ള ക്രിസ്തീയ സഭകളാണ് ഇപ്പോൾ ചൈനയിലുള്ളത്. ഗവൺമെന്റിനോട് വിധേയത്വം പ്രഖ്യാപിച്ച് ഗവൺമെന്റ് നിയമിക്കുന്ന ബിഷപ്പിനെ അംഗീകരിച്ച് മുന്നോട്ടു പോകുന്ന സഭ. ഇങ്ങനെയുള്ള സഭകൾക്ക് ഗവൺമെന്റ് സഹായങ്ങളും പരിമിതമായ പ്രവർത്തന സ്വാതന്ത്ര്യവും ഉണ്ട്. എന്നാൽ ഈ സഭകളിൽ നുഴഞ്ഞു കയറിയിരിക്കുന്ന രഹസ്യപോലീസിന്റെയും ഗവൺമെന്റ് ഏജന്റുമാരുടെയും നിരന്തര നിരീക്ഷണത്തിലും അതുമൂലം പാർട്ടിയുടെ നിയന്ത്രണത്തിലുമാണ് ഈ സഭകൾ പ്രവർത്തിക്കുന്നത്.

രണ്ടാം വിഭാഗം രഹസ്യ സഭകളാണ്. ലക്ഷക്കണക്കിന് രഹസ്യസഭകൾ ചൈനയിലുണ്ട്. ഈ സഭകൾക്ക് വൻ വളർച്ച നേടുവാനും, തങ്ങളുടെ വിശ്വാസം നിലനിർത്താനും സാധിച്ചു എന്നതാണ് ഏറ്റവും പ്രധാനം. പിടിക്കപ്പെട്ടാൽ ജീവൻ നഷ്ടമാകുമെന്ന സാഹചര്യത്തിൽപ്പോലും വൻ വളർച്ച നേടിയ ചൈനീസ് സഭ ക്രൈസ്തവ വിശ്വാസത്തിന്റെ ഉജ്വല ചെറുത്തുനില്പിന്റെ ചരിത്രമാണ് രചിച്ചത്.

ടിയാനമെൻ കലാപത്തിനു ശേഷം ലോകരാജ്യങ്ങളുടെ മുന്നിൽ മനുഷ്യാവകാശ നിഷേധികളെന്ന ഇമേജായിരുന്നു ചൈനയ്ക്കുണ്ടായിരുന്നത്. വൻ സാമ്പത്തിക വളർച്ച ലക്ഷ്യമാക്കി നടത്തിയ പരിഷ്ക്കാരങ്ങൾക്കിടയിൽ മതപരമായ കാരണങ്ങളിൽ കടുംപിടുത്തങ്ങൾ കുറയ്ക്കുവാൻ ചൈന തയ്യാറാകുന്നു എന്ന പ്രതീതി സൃഷ്ടിക്കപ്പെട്ടിരുന്നു. പരിമിതമായ സ്വാതന്ത്ര്യം വേദപുസ്തക വിതരണത്തിലൂടെയും ഇന്റർനെറ്റ് സൗകര്യങ്ങളുടെ ഉപയോഗത്തിലൂടെയും ചൈനയിലെ രഹസ്യസഭകൾ വൻ വളർച്ച നേടുന്നതിന് കാരണമായി.

അപകടം തിരിച്ചറിഞ്ഞ കമ്യൂണിസ്റ്റ് ഗവൺമെന്റ് ഇപ്പോൾ രഹസ്യ സഭകളെ തൂത്തെറിയാ

(ശേഷം പേജ് 8 ൽ)

# പി.സി.എൻ.എ.കെ. ഒരുക്കങ്ങൾ പുരോഗമിക്കുന്നു



*പാസ്റ്റർ ചെല്ലൈ ദുരൈ, സാക് പുന്നൻ, പാസ്റ്റർ റ്റോബി ബെൻഗോമറി, പാസ്റ്റർ കെ.സി. ജോൺ, പാസ്റ്റർ ആർ.ഏബ്രഹാം, പാസ്റ്റർ നോബിൾ പി.തോമസ്,*

ന്യൂയോർക്ക്: ജൂലൈ 4-7 വരെ കണക്ടിക്കട്ട് കൺവൻഷൻ സെന്ററിൽ നടക്കുന്ന 31-ാമത് പി.സി.എൻ.എ. കെ.കോൺഫറൻസിൽ ലോക പ്രശസ്ത പ്രസംഗകരുടെ നിര. പാസ്റ്റർ ചെല്ലൈ ദുരൈ, പാസ്റ്റർ കെ.സി. ജോൺ, സാക് പുന്നൻ, പാസ്റ്റർ ആർ.ഏബ്രഹാം, പാസ്റ്റർ നോബിൾ പി.തോമസ്, പാസ്റ്റർ റ്റോബി ബെൻഗോമറി എന്നിവരാണ് പ്രധാന പ്രസംഗകരായി എത്തുന്നത്. യൂത്ത് മീറ്റിംഗിൽ പാസ്റ്റർ മാത്യു ബെന്നറ്റും, സിസ്റ്റേഴ്സ് ഫെലോഷിപ്പിൽ സഹോദരി പത്മ മുതലിയാരും പ്രസംഗിക്കും. കൂടാതെ ഇന്ത്യയിൽനിന്നും മറ്റു വിദേശരാജ്യങ്ങളിൽ നിന്നുമുള്ള പ്രസംഗകരും അതിഥികളായി എത്തും. റവ.സണ്ണി ഫിലിപ്പ്, രാജൻ ആര്യപ്പള്ളിൽ, ജോയിസ് മാത്യൂസ്, ആഷിഷ് ജേക്കബ് തുടങ്ങിയവർ നേതൃത്വം നൽകുന്നു. പ്രീ - രജിസ്ട്രേഷൻ ആനുകൂല്യം മാർച്ച് 31 വരെ ലഭിക്കും.

# എം.പി.എ. പത്താമത് കോൺഫ്രൻസ് കേംബ്രിഡ്ജിൽ




റവ. ജേക്കബ് മാത്യു, റവ. സജി മാത്യു, റവ. ബെൻസൺ മത്തായി, ചിക്കു കുര്യാക്കോസ്

കേംബ്രിഡ്ജ്: ഇംഗ്ലണ്ടിലെ മലയാളി പെന്തെക്കോസ്ത് സഭകളുടെ സംയുക്തവേദിയായ എം.പി.എയുടെ പത്താമത് കോൺഫ്രൻസ് കേംബ്രിഡ്ജിൽ നടക്കും. മാർച്ച് 29,30 തീയതികളിൽ കേംബ്രിഡ്ജിലെ കംബർട്ടൻ കോൺഫ്രൻസ് ഹാളിലാണ് സമ്മേളനം. എം.പി.എ.പ്രസിഡന്റ് പാസ്റ്റർ സജി മാത്യു ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ജേക്കബ് മാത്യു, പാസ്റ്റർ ബെന്നിസൺ മത്തായി എന്നിവർ മുഖ്യപ്രസംഗകരാണ്. ചിക്കു കുര്യാക്കോസ് ഗാനം ആലപിക്കും.

എം.പി.എ.ഭാരവാഹികളായി പാസ്റ്റർ സജി മാത്യു (പ്രസിഡന്റ്), പാസ്റ്റർ ടി.എസ്.മാത്യു (വൈസ് പ്രസിഡന്റ്), വർക്കി ഈപ്പൻ (സെക്രട്ടറി) എന്നിവരും കോൺഫ്രൻസ് കൺവീനർമാരായി റോജി രാജു, കെ.ടി.തോമസ്, മാമ്മൻ ജോർജ്ജ്, ജോൺസൺ ജോർജ്ജ്, ഡോണി തോമസ് എന്നിവരും നേതൃത്വം നൽകുന്നു.

# സ്വർഗ്ഗവും നരകവും

## ഒരു കൊറിയൻ പാസ്റ്ററുടെ സ്വർഗ്ഗ – നരക യാത്രാവിവരണം






**കൊറിയയിൽ അയ്യായിരത്തോളം അംഗങ്ങളുള്ള പ്രസ്ബിറ്റേറിയൻ സഭയുടെ പാസ്റ്ററായിരുന്നു റവ. പാർക്ക് യോംഗ് ഗ്യു. ഹൃദയാഘാതത്തെ തുടർന്ന് ശാരീരിക മരണം സംഭവിച്ച അദ്ദേഹത്തിന്റെ ആത്മാവിനെ ദൂതൻമാർ സ്വർഗ്ഗവും നരകവും സന്ദർശിക്കാനായി കൊണ്ടുപോയി. ഉദ്വേഗജനകമായ ആ യാത്രയുടെ വിവരണം ഹാലേല്ലൂയ്യാ വായനക്കാർക്കുവേണ്ടി പരിഭാഷപ്പെടുത്തിരിക്കുന്നത് വൈ. ഡാനിയേൽ കൊല്ലം.**

കൊറിയയിലെ പാസ്റ്റർ പാർക്, കൂടിയ രക്തസമ്മർദ്ദത്താൽ 1987-ൽ മരിച്ചു. ദൈവം അദ്ദേഹത്തിന്റെ ആത്മാവിനെ സ്വർഗ്ഗവും നരകവും കാണിച്ചുകൊടുത്തു. പിന്നീട് 20 വർഷം കൂടെ ലോകത്തിൽ ജീവിക്കുവാനുള്ള അവസരം നൽകി. ആ കാലഘട്ടത്തിൽ തനിക്കു ലഭിച്ച സ്വർഗ -നരക ദർശനത്തിന്റെ വിവരണം അദ്ദേഹം ലോകത്തിന് നൽകി. അദ്ദേഹത്തിന്റെ വെളിപ്പെടുത്തലിലേയ്ക്ക്

നിങ്ങൾ അഹങ്കാരിയുംനിഗളിയുമാണെങ്കിൽ നിങ്ങൾ സ്വയം ശാപം വിളിച്ചുവരുത്തുകയാണ്. എനിക്ക് 5000 അംഗങ്ങളുള്ള ഒരു സഭയുണ്ടായിരുന്നു. എന്നാൽ എന്റെ അഹങ്കാരം മൂലം ദൈവം എന്നെ തകർത്തു. ഇപ്പോൾ ഞാൻ ദൈവത്തെ ഭയപ്പെടുന്നു. “ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നൽകുന്നു” (യാക്കോ. 4:6).

എനിക്ക് സ്വന്തമായി 150 ദശലക്ഷം യു.എസ്.ഡോളർ വിലയുള്ള വസ്തുക്കളും ഏറ്റവും വിലപിടിപ്പുള്ള 5 ആഡംബരകാറുകളുമുണ്ടായിരുന്നു. എന്റെ മരണത്താൽ ലഭിച്ച അനുഭവങ്ങൾക്ക് ശേഷം ഞാൻ എന്റെ സമ്പാദ്യം എല്ലാം ഉപേക്ഷിച്ചു. ഒരു കാര്യം ഞാൻ വ്യക്തമാക്കട്ടെ: നിങ്ങളുടെ സ്വത്തുക്കൾ കൊണ്ട് നിങ്ങൾക്ക് രക്ഷ നേടുവാൻ കഴിയുകയില്ല. **രക്ഷ യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം മാത്രമേ സാധ്യമാകുകയുള്ളൂ**. ഈ ലേഖനം വായിക്കുന്ന മൂപ്പന്മാരോടും, എല്ലാ വിശ്വാസികളോടും എനിക്ക് പറയുവാനുള്ളത് നിങ്ങളുടെ പാസ്റ്റർമാരോട് ഹൃദയംഗമായി സഹകരിക്കണമെന്നാണ്.

**എന്റെ അനുഭവം**


1987 ഡിസംബർ 19-ന് രാത്രി ഭക്ഷണം കഴിച്ചു വിശ്രമിക്കുകയായിരുന്നു. അതികഠിനമായ നെഞ്ചുവേദന ആരംഭിച്ചു. ഞാൻ മരണത്തിലേക്ക് നീങ്ങുന്നതായി തോന്നി. എന്റെ സുബോധം മറഞ്ഞു. നാലുമാസത്തിനു ശേഷം വെന്റിലേറ്ററിലായിരുന്ന ഞാൻ ഉണർന്നു. എന്നെ പരിചരിച്ചിരുന്ന ഡോക്ടർ പറഞ്ഞു: ‘പൂർണ്ണമായും നിങ്ങൾ മരിച്ച നിലയിലായിരുന്നു.’ എന്റെ എല്ലാ അവയവങ്ങളും പക്ഷവാതത്താൽ ബലഹീനമായിരുന്നു. എന്റെ ഈ നിർഭാഗ്യാവസ്ഥ കാണുവാൻ എന്റെ കുടുംബം ആരെയും അനുവദിച്ചിരുന്നില്ല. അവസാനം ഞാൻ മരിച്ചു. ഞാൻ മരിച്ചപ്പോൾ രണ്ടാളുകൾ അടച്ചിട്ടിരുന്ന മുറിയിലേയ്ക്ക് ഭിത്തിയിലൂടെ പ്രവേശിക്കുന്നത് ഞാൻ കണ്ടു. ഞാൻ നിലവിളിച്ചു. “ആര്! ആരാണ് നിങ്ങൾ?”

“ഞങ്ങൾ സ്വർഗ്ഗത്തിൽ നിന്ന് അയക്കപ്പെട്ട ദൂതന്മാരാണ്’’. ഒരാൾ പറഞ്ഞു: അവരിൽ നിന്ന് ഉജ്വലപ്രകാശം കടന്നു വന്നു.

(ശേഷം പേജ് 5 ൽ)

# ജസ്റ്റീസ് വർമ്മ കമ്മീഷനും ക്രിസ്തീയ പ്രതികരണവും





ഡോ.എം.സ്റ്റീഫൻ, കോട്ടയം

ഭാരതത്തിന്റെ ചീഫ് ജസ്റ്റീസായിരുന്ന ശ്രീ ജെ.എസ്.വർമ്മ അദ്ധ്യക്ഷനായ സമിതി (2013) നിർണ്ണായകമായ പല നിരീക്ഷണങ്ങളും നടത്തുകയുണ്ടായി. അവയിൽ ഭൂരിപക്ഷവും സുതാര്യതക്കും മാനവികതയ്ക്കും ഊന്നൽ നൽകുന്നവയായിരുന്നു.

മാനഭംഗം നടത്തുന്നവർക്കും കൂട്ടമാനഭംഗം നടത്തുന്നവർക്കും ഇരുപതുവർഷം തടവുശിക്ഷ നൽകണമെന്നാണ് ശുപാർശ. സ്ത്രീകളോടുള്ള ലൈംഗിക കൊടുംപാതകങ്ങൾക്ക് വധശിക്ഷയും ഷണ്ഡീകരണവും എന്ന വാദത്തെ തള്ളിക്കളഞ്ഞു. സ്ത്രീകളുടെ വസ്ത്രാക്ഷേപം, സ്വകാര്യത കവരുന്ന ഒളിഞ്ഞുനോട്ടം, ശല്യപ്പെടുത്തൽ, പൂവാലശല്യത്തിനും മനുഷ്യക്കടത്തിനും തടവുശിക്ഷ നിർദ്ദേശിക്കപ്പെട്ടു. സായുധസേനയിലെ പ്രത്യേകാധികാര നിയമത്തിലെ (Armed Forces Special Powers Act) വിവാദ വ്യവസ്ഥകൾ നീക്കം ചെയ്യണമെന്നും നിരീക്ഷിച്ചു. മരണത്തിൽ കലാശിക്കുന്ന മാനഭംഗത്തിനുള്ള ശിക്ഷ ജീവപര്യന്തം തടവാണ്. അത് ജീവിതാന്ത്യം വരെയുള്ള തടവായിരിക്കണമെന്ന് അഭിപ്രായപ്പെട്ടു. മാനഭംഗം മാത്രമാണെങ്കിൽ ഏഴുവർഷം മുതൽ ജീവപര്യന്തം വരെ തടവും ഇരയായ വ്യക്തിയുടെ വൈദ്യസഹായത്തിനുള്ള ചെലവും നൽകണം.

മുകളിൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൂടാതെ മറ്റു പൊതുസ്വഭാവമുള്ള നിർദ്ദേശങ്ങളും മുന്നോട്ട് വച്ചിട്ടുണ്ട് വർമ്മസമിതി.

1. എക്സിക്യൂട്ടീവും ജുഡീഷ്യറിയും നിയമനിർമ്മാണ സഭകളും സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കണം. അവരോട് പക്ഷാഭേദം പാടില്ല.

2. എല്ലാ വിവാഹങ്ങളും മജിസ്ട്രേട്ടിന്റെ സാന്നിദ്ധ്യത്തിൽ രജിസ്റ്റർ ചെയ്യുക. പങ്കാളികളുടെ പൂർണ്ണ സമ്മതം രേഖപ്പെടുത്തുക. സ്ത്രീധനം ചോദിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തുക.

3. പീഡനം സംബന്ധിച്ച എല്ലാ പരാതിയും പോലീസ് രജിസ്റ്റർ ചെയ്യുക. തങ്ങൾക്കറിയാവുന്ന പരാതികൾ റിപ്പോർട്ടു ചെയ്യുവാൻ പൊതുസമൂഹം തയ്യാറാവുക.

4. സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാഭ്യാസ മേഖലയിൽ തുല്യഅവസരം ലഭിക്കുന്നു എന്നുറപ്പ് വരുത്തുക.

5. രാഷ്ട്രീയത്തിലെ ക്രിമിനൽ സാന്നിദ്ധ്യം തുടച്ചു മാറ്റാൻ നടപടികളെടുക്കുക.

6. സ്ത്രീകളുടെ ജീവനും സുരക്ഷയും മാന്യതയും അവകാശമായിക്കാണുക. ലൈംഗിക സ്വാതന്ത്ര്യവും പങ്കാളിയെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും സ്ത്രീകൾക്ക് നൽകുക. ബലപ്രയോഗത്തിൽ നിന്നും ലൈംഗിക ആക്രമണത്തിൽ നിന്നും സ്ത്രീകൾക്ക് ഭരണകൂടം സംരക്ഷണം നൽകുക.

ജസ്റ്റീസ് ലീലാ സേത്ത്, മുൻസോളിസിറ്റർ ജനറൽ ഗോപാൽ സുബ്രഹ്മണ്യം എന്നിവരടങ്ങുന്ന ജസ്റ്റീസ് വർമ്മ അധ്യക്ഷനായ സമിതി സ്ത്രീകൾക്കും കുട്ടികൾക്കും പൗരാവകാശങ്ങൾക്കും സാമൂഹിക സുരക്ഷയ്ക്കും സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകുന്നു. മാനവികതയ്ക്ക് സുപ്രധാന സ്ഥാനം നൽകുന്നുണ്ട് കമ്മീഷൻ അവ ക്രിസ്തീയ വീക്ഷണത്തിൽ പ്രശംസനീയമാണ്. മനുഷ്യന്റെ അന്തസിന് നേരെയുള്ള കടന്നുകയറ്റം, പ്രത്യേകിച്ച് സ്ത്രീകളോടുള്ള ക്രൂരതയെ നാം നഖശിഖാന്തം എതിർക്കണം. കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുകയും വേണം. സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനും അന്തസ്സിനും തുല്യസ്ഥാനത്തിനും ഹാനി വരുത്തുന്ന ഏതു നീക്കത്തെയും നാം ചെറുക്കണം. സ്ത്രീകളെ മാനഭംഗപ്പെടുത്തുവാൻ യാതൊരു വൈമനസ്യവും കാട്ടാത്ത, ക്രൂരതയുടെ ഇരകളായി അവരെ കാണുവാൻ ശ്രമിക്കുന്ന ഏതൊരു പ്രവണതയേയും തകർക്കാൻ സമൂഹവും സർക്കാരും ശ്രമിക്കണം.

മാനഭംഗം അപമാനവീകരണമാണ്. സ്ത്രീപീഡനവും രാഷ്ട്രീയത്തിലെ ക്രിമിനൽ സാന്നിധ്യവും സാംസ്ക്കാരിക-ധാർമ്മിക അധഃപതനത്തിന്റെ പ്രതീകമാണ്. ഒരു സംസ്ക്കാര സമ്പന്ന സമൂഹം ധാർമ്മികമായും ഉയർന്ന ദർശനം കാഴ്ച വയ്ക്കണം. സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളെ പീഡിപ്പിക്കുന്നതും സ്ത്രീകളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ ഹനിക്കുന്നതും മാനവീകമല്ല, ക്രിസ്തീയവുമല്ല. ലൈംഗിക സ്വാതന്ത്ര്യം നിരുത്തരവാദപരമായി ഉപയോഗിക്കുന്നതിനെ അനുകൂലിക്കുവാൻ കഴിയില്ല. എന്നാൽ കുടുംബ ജീവിതത്തിൽ പങ്കാളിയുമായി ഉത്തരവാദിത്വപൂർണ്ണമായ ലൈംഗികബന്ധം ആകാം.

ജസ്റ്റീസ് വർമ്മ കമ്മീഷൻ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളെ ഗൗരവമായി കാണുന്നു എന്നത് ശ്ലാഘനീയമാണ്. പീഡനത്തിന്റെ ഇരകളായ സ്ത്രീകളെ സംരക്ഷിക്കുക എന്നത് സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും കടമയാണ്. പൗരന്റെ അവകാശത്തിന്റെ മേലുള്ള ഏകാധിപത്യപരമായ കടന്നുകയറ്റത്തേയും കമ്മീഷൻ എതിർക്കുന്നു. വധശിക്ഷയോട് വർമ്മ കമ്മീഷൻ താത്പര്യം കാട്ടുന്നില്ല. എന്നാൽ പരമാവധി ശിക്ഷ (ഉദാ:ജീവാന്ത്യം വരെയുള്ള തടവ്) കുറ്റവാളികൾക്ക് നൽകുവാനും ശുപാർശ ചെയ്യുന്നു. ക്രിസ്തീയ വീക്ഷണത്തോട് വളരെ കൂറു പുലർത്തുന്ന നിർദ്ദേശങ്ങളാണ് സമിതി മുന്നോട്ട് വയ്ക്കുന്നത്.

## ഐ.പി.സി വിഴിഞ്ഞം ഏരിയാ

ചൊവ്വര: ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ വിഴിഞ്ഞം ഏരിയായിലെ ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടേയും ഒരുമിച്ചുള്ള സുവിശേഷപ്രവർത്തനം ചൊവ്വരയിൽ ഫെബ്രുവരി 20ന് നടന്നു. വാഹനങ്ങൾ ഇല്ലാതിരുന്നതു നിമിത്തം ബൈക്കുകളിൽ പരമാവധി പേരെ പങ്കെടുപ്പിക്കുവാൻ ഇടയായി. പകൽ മുഴുവൻ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വീട് വീടാന്തരം ലഘുലേഖകൾ വിതരണം ചെയ്യുകയും സുവിശേഷം അറിയിക്കുകയുണ്ടായി. വൈകിട്ടു നടന്ന പരസ്യയോഗത്തിൽ ബെഥേസ്ദാ ക്വയർ ഗാനങ്ങളാലപിക്കുകയും പാസ്റ്റർ ഡോ.പി.എം ജോൺസൺ (ഐ.പി.സി വിഴിഞ്ഞം ഏരിയാ പ്രസിഡന്റ്), പാസ്റ്റർ ജ്ഞാനദാസ് എന്നിവർ സുവിശേഷം പ്രസംഗിച്ചു. ഏരിയാ സെക്രട്ടറി ഇവാ.ബൈജു ജി നേതൃത്വം കൊടുത്തു.

## ഓസ്ട്രേലിയൻ ഇന്ത്യൻ പെന്തെക്കോസ്തൽ കോൺഫ്രൻസ്

മെൽബൺ: ഓസ്ട്രേലിയയിലുള്ള ഇന്ത്യൻ പെന്തെക്കോസ്തൽ സഭകളുടെ മൂന്നാമത് ഫാമിലി കോൺഫ്രൻസ് മാർച്ച് 29-31 വരെ മെൽബണിൽ (മാറാനാഥാ ക്രിസ്ത്യൻ സ്കൂൾ, കെയ്സി ജൂനിയർ ക്യാമ്പ്, 146 കിഡ്സ് റോഡ്, വിക്ടോറിയ - 3177) നടക്കും. 29ന് നാഷണൽ പ്രസിഡന്റ് റവ.തോമസ് ജോർജ് ഉദ്ഘാടനം ചെയ്യും. റവ. ഡോ.കെ.സി ജോൺ, റവ.ഡോ.വത്സൻ ഏബ്രഹാം, റവ.സാം ജോർജ് എന്നിവർ പ്രസംഗിക്കും.

## ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് കൺവൻഷൻ സമാപിച്ചു

പായിപ്പാട്: ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് കൺവൻഷൻ ഫെബ്രു.14-17 വരെ പായിപ്പാട്ട് നടന്നു. റവ.തോമസ് ഫിലിപ്പ്, ഡോ.അലക്സാണ്ടർ ഫിലിപ്പ്, ഡോ.ജോൺസൺ ദാനിയേൽ, ഡോ.ഐപ്പ് മത്തായി, ഡോ.ജെയ്സൻ തോമസ്, റവ.കെ ജോയി, റവ.സി.വി ജേക്കബ്, പാസ്റ്റർ എബി ഏബ്രഹാം, സിസ്റ്റർ സിസി ബാബു ജോൺ എന്നിവർ പ്രസംഗിച്ചു. വിവിധ സെക്ഷനുകളിലായി ബൈബിൾ ക്ലാസ്, പാസ്റ്റേഴ്സ് കോൺഫ്രൻസ്, വിമൻസ് ഫെലോഷിപ്പ് വാർഷിക സമ്മേളനം, സണ്ടേസ്കൂൾ യുവജന വാർഷിക സമ്മേളനം എന്നിവ നടത്തപ്പെട്ടു. 17ന് കർതൃമേശയോടു കൂടി യോഗം സമാപിച്ചു. സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് നേതൃത്വം നൽകി.

## നാഷണൽ യുണൈറ്റഡ് ക്രിസ്ത്യൻ ഫ്രണ്ട്

മണർകാട്: എൻ.യു.സി.എഫ് ന്റെ കേരളാ റീജിയന്റെ മീറ്റംഗ് മണർകാട് വച്ച് നാഷണൽ കോർഡിനേറ്റർ പാസ്റ്റർ റെജി തോമസിന്റെ നേതൃത്വത്തിൽ നടന്നു. ഭാരവാഹികളായി പാസ്റ്റർ എം.പി ദാനിയേൽ (ജില്ലാ ചെയർമാൻ), പാസ്റ്റർ എ.ഒ വർഗീസ്, പാസ്റ്റർ മാത്യു പ്രിൻസ്, പാസ്റ്റർ റ്റി.എം ജോബ്, പാസ്റ്റർ എൻ.പി കൊച്ചുമോൻ, പാസ്റ്റർ സജി കെ.സി, പാസ്റ്റർ ജോൺ റ്റി. ചാക്കോ (ഏരിയാ ചെയർമാന്മാർ), പാസ്റ്റർ രാജി ചാക്കോ, പാസ്റ്റർ കെ.ജെ ജെയിംസ്, പാസ്റ്റർ ജേക്കബ് സെൽവി, ഇവാ എൻ.ഐ ബാബു, ഇവാ. കെ.സി മാത്യു (കോ-ഓഡിനേറ്റർമാർ) എന്നിവരേയും തിരഞ്ഞെടുത്തു.

## ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും

തിരുവല്ല: കറ്റോട് ഐ.പി.സി എബനേസർ വർഷിപ്പ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രു.18 മുതൽ മാർച്ച് 10 വരെ 21 ദിവസത്തെ ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും നടക്കും. ദിവസവും രാവിലെ 10-1.30 വരെയും, വൈകിട്ട് 6.30-9 വരെയും യോഗങ്ങൾ നടക്കും.

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലൂയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000


ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)
പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ

പാസ്റ്റർ റോയി പൂവക്കാല
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939







## PRAYER CELL

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

**യാത്രക്കിടയിൽ**

**സാംകുട്ടി ചാക്കോ**
**നിലമ്പൂർ**

# ചില ചരിത്ര പാഠങ്ങൾ



ഈ കുറിപ്പ് നിങ്ങൾ വായിക്കുമ്പോഴേക്കും പോപ്പ് റാറ്റ്സിംഗർ അധികാരം വിട്ടൊഴിഞ്ഞ് വിശ്രമ ജീവിതത്തിന്റെ ഏകാന്തവാസത്തിലേക്ക് പ്രവേശിക്കും. മരണംവരെ തുടരാവുന്ന കസേരയെ മരണത്തിന് മുമ്പേ വേണ്ടെന്ന് വയ്ക്കാൻ അസാധാരണമായ ഇച്ഛാശക്തി വേണം. പോപ്പ് ബനഡിക്ട് പതിനാറാമന്റെ തീരുമാനത്തിന് പിന്നിൽ ആദരവോടെ ഒരു പൂച്ചെണ്ട് സമ്മാനിക്കട്ടെ.

കഴിഞ്ഞ ചില മാസങ്ങളായി ഞാൻ ഹാലേലൂയ്യാ ഇയർബുക്കിന്റെ പണിപ്പുരയിലാണ്. മലയാളി പെന്തെക്കോസ്തിന്റെ ചരിത്രവും വർത്തമാനവുമൊക്കെ ക്രമീകൃതമായ നിലയിൽ പ്രസിദ്ധപ്പെടുത്തുവാനുള്ള പരിശ്രമം. സത്യത്തിൽ ഞാനെങ്ങും എത്തിയിട്ടില്ല. കരിമ്പടക്കെട്ടിൽ കയറിപ്പിടിച്ചവന്റെ അവസ്ഥയിലാണ് ഞാനിപ്പോൾ. പത്തോ പതിനഞ്ചോ പേരടങ്ങുന്ന ഒരു ടീം പൂർണ്ണസമയം ചെയ്യേണ്ടുന്ന ജോലിയാണ് ഒറ്റക്കെടുത്ത് തലയിൽ വച്ചത്. ഇല്ലത്തൂന്ന് ഇറങ്ങുകയും ചെയ്തു അമ്മാത്തോട്ട് എത്തീമില്ലാന്ന് പണ്ട് നമ്പൂരിച്ചൻ പറഞ്ഞ പോലായി കാര്യങ്ങൾ.

എന്തായാലും ചരിത്രം അന്വേഷിച്ചുള്ള വായനകൾക്കും, അഭിമുഖങ്ങൾക്കുമിടയിൽ കുറെയേറെ ഉൾക്കാഴ്ചകൾ ലഭിച്ചു. രസകരമായ എത്രയെത്ര സംഭവങ്ങൾ. മലയാളി പെന്തെക്കോസ്ത് ഇതുവരെയെത്തിയ കഥക്കിടയിലെ ചെറുതും വലുതുമായ വ്യക്തികളുടെ ജീവിതത്തിലൂടെ യാത്ര ചെയ്യുമ്പോൾ പിൻതലമുറ എത്ര വികലമായാണ് കാര്യങ്ങളെ മനസ്സിലാക്കിയിരിക്കുന്നതെന്ന തിരിച്ചറിവുകൾ. പിന്നെ പച്ചമനുഷ്യരായ നമ്മുടെ പിതാക്കന്മാരുടെ സൗന്ദര്യപ്പിണക്കങ്ങൾ, പക, മത്സരങ്ങൾ തുടങ്ങി എണ്ണിപ്പറയുവാൻ എന്തൊക്കെ.

1909-ൽ ജോർജ്ജ് ബർജ് എന്ന ജർമ്മൻകാരൻ കൊട്ടാരക്കരയിലെത്തുന്നതോടെയാണ് കേരളത്തിലെ പെന്തെക്കോസ്ത് ചരിത്രം ആരംഭിക്കുന്നത്. അതിന് മുമ്പും ചില ഇളക്കങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. എന്നാൽ പിന്തുടർച്ചകൾ ഇല്ലാതിരുന്ന ആ ഉണർവ്വുകളെ മലയാളി പെന്തെക്കോസ്തിന്റെ ചരിത്രാരംഭമായി ജെ.സി.ദേവ്സാർ പലടത്തും പറയാറുണ്ട്. ഞാനതിനെ തള്ളിക്കളയുന്നില്ല. എങ്കിലും ബർജസിൽ നിന്ന് തുടങ്ങുന്നതാണ് കൂടുതൽ കൃത്യതയുള്ള ചരിത്രാവലോകനം.

അതിനെത്തുടർന്ന് കുക്ക് സായിപ്പിന്റെ ആഗമനം. 1914-നാണ് കുക്ക് സായിപ്പെത്തുന്നത്. കുക്ക്സായിപ്പിന്റെ കേരളാഗമനത്തിന്റെ സെന്റിനറി ആഘോഷിക്കാനുള്ള തയ്യാറെടുപ്പിലാണല്ലോ മലയാളി പെന്തെക്കോസ്ത് സമൂഹമിപ്പോൾ.

ഇടയ്ക്ക് മറ്റൊരു കാര്യം മുക്തിമിഷനിലെ പരിശുദ്ധാത്മ പകർച്ചയുടെ സെന്റിനറി ആഘോഷം ചില വർഷങ്ങൾക്ക് മുമ്പ് തിരുവല്ലയിൽ നടന്നത് വായനക്കാർ ഓർക്കുമല്ലോ. അതിനെക്കുറിച്ച് വളരെ മോശമായി 'പരിശുദ്ധാത്മാവിന്റെ ശതാബ്ദി ആഘോഷിക്കുവാൻ നീ ആരാടാ' എന്ന ശൈലിയിൽ നമ്മുടെയൊരു പ്രസംഗകൻ സ്റ്റേജിൽ മിമിക്രി കാണിക്കുന്നതും കണ്ടു. 'അജ്ഞനമെന്നത് ഞാനറിയും അത് മഞ്ഞളുപോലെ വെളുത്തിരിക്കും' എന്ന് പണ്ടൊരു മഹാജ്ഞാനി തട്ടിവിട്ടതുപോലെ പ്രസംഗവേദിയിൽ അൽപ്പത്തം വിളമ്പുവരെ ഓർത്ത് പരിതപിക്കുകയല്ലാതെ എന്തു ചെയ്യാൻ.

കുക്കുസായിപ്പിനെക്കുറിച്ചാണല്ലോ പറഞ്ഞു വരുന്നത്. സായിപ്പിന്റെ സംഭാവന കേരളാ പെന്തെക്കോസ്തർക്ക് മറക്കാനാവില്ല. ഓവർസിയർ സ്ഥാനം ഉപേക്ഷിക്കുവാൻ മനസ്സില്ലാതിരുന്ന കുക്ക് സായിപ്പിനെ ദുഃഖത്തോടെ പറഞ്ഞുവിട്ട ചർച്ച് ഓഫ് ഗോഡുകാർ തന്നെ അദ്ദേഹത്തിന്റെ സെന്റിനറി ആഘോഷിക്കുന്നതിൽ സന്തോഷമുണ്ട്.

ഏതായാലും കുക്കു സായിപ്പിന്റെ ആത്മകഥയുടെ മലയാളം പരിഭാഷ പ്രിയ സുഹൃത്ത് റോയി മേപ്രാൽ അതിമനോഹരമായി നിർവ്വഹിച്ചിരിക്കുന്നു. റോയിക്കൊരു നല്ല നമസ്ക്കാരം. എന്നാൽ ആത്മകഥയിൽ കുക്ക്സായിപ്പ് കാണിച്ചത് അല്പം കടന്ന കയ്യായിപ്പോയി. സായിപ്പിന്റെ മനസ് അന്നും ഇന്നുമെല്ലാം ഒന്നുതന്നെയെന്ന് സൂക്ഷിച്ചു വായിക്കുന്നവർക്ക് മനസ്സിലാകും. പറ്റിയാൽ അടുത്തലക്കത്തിൽ സായിപ്പിന്റെ പുസ്തകത്തെക്കുറിച്ചെഴുതാം.

1920 വരെ പെന്തെക്കോസ്തിന് കേരളത്തിൽ കാര്യമായ വേരോട്ടമുണ്ടാക്കാൻ സാധിച്ചില്ലെന്നതാണ് വാസ്തവം. ഒന്നാം ലോകമഹായുദ്ധാനന്തരം മലങ്കരയിലെ ക്രിസ്തീയ ചെറുപ്പക്കാരുടെയിടയിൽ പെന്തെക്കോസ്ത് വിശ്വാസത്തിന് കിട്ടിയ സ്വീകാര്യത അത്ഭുതാവഹമാണ്.

> 19,20 വയസ്സു മുതൽ 30 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാരാണ് മധ്യതിരുവിതാംകൂറിൽ പെന്തെക്കോസ്തിന്റെ പുറകെ ആദ്യം ഇറങ്ങിത്തിരിച്ചത്. എന്നെ ഏറ്റവും അത്ഭുതപ്പെടുത്തുന്ന കാര്യം ഇതാണ്. ശക്തമായ സാമുദായിക കെട്ടുറപ്പുള്ള മലങ്കരയിലെ സമുദായ സഭകളിൽ നിന്ന് ഒരു സാധ്യതകളും മുന്നിൽ കാണാനാവാത്ത ഒരു വിശ്വാസ വ്യതിയാനത്തിന് വേണ്ടി നൂറുകണക്കിന് ചെറുപ്പക്കാർ സകലവും വിട്ടിറങ്ങിയ കഥ കോരിത്തരിപ്പിക്കുന്നതാണ്.

19,20 വയസ്സു മുതൽ 30 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാരാണ് മധ്യതിരുവിതാംകൂറിൽ പെന്തെക്കോസ്തിന്റെ പുറകെ ആദ്യം ഇറങ്ങിത്തിരിച്ചത്. എന്നെ ഏറ്റവും അത്ഭുതപ്പെടുത്തുന്ന കാര്യം ഇതാണ്. ശക്തമായ സാമുദായിക കെട്ടുറപ്പുള്ള മലങ്കരയിലെ സമുദായ സഭകളിൽ നിന്ന് ഒരു സാധ്യതകളും മുന്നിൽ കാണാനാവാത്ത ഒരു വിശ്വാസ വ്യതിയാനത്തിന് വേണ്ടി നൂറുകണക്കിന് ചെറുപ്പക്കാർ സകലവും വിട്ടിറങ്ങിയ കഥ കോരിത്തരിപ്പിക്കുന്നതാണ്.

പെന്തെക്കോസ്തിന്റെ മുൻനിര നേതാക്കൾ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചപ്പോൾ അവരുടെ പ്രായം 20-നും 30നും ഇടയിലായിരുന്നുവെന്ന് മനസ്സിലാക്കുമ്പോൾ ഞെട്ടിപ്പോകും.

പാസ്റ്റർ കെ.ഇ.ഏബ്രഹാം, പാസ്റ്റർ കെ.സി.ചെറിയാൻ, പാസ്റ്റർ പി.എം.സാമുവേൽ, പാസ്റ്റർ കൊടുന്തറ ഉമ്മച്ചൻ, പാസ്റ്റർ ടി.ജി.ഉമ്മച്ചൻ, പാസ്റ്റർ എ.സി.സാമുവേൽ, പാസ്റ്റർ ടി.എം.വർഗീസ്... 20 വയസ്സിനും 30 വയസ്സിനും ഇടയിൽ പെന്തെക്കോസ്തിന്റെ പുറകെ ജീവിതം വലിച്ചെറിയുവാൻ ധൈര്യം കാണിച്ച ഈ ചെറുപ്പക്കാരാണ് നമ്മുടെ പിതാക്കന്മാർ, അവരാണ് ഈ സമൂഹത്തെ കെട്ടിപ്പടുത്തത്.

ഞാൻ ഇതെഴുതുമ്പോൾ എന്റെ കാലഘട്ടത്തെയും എനിക്ക് പിന്നാലെ വന്ന തലമുറയെയും ഞാൻ നിരീക്ഷിച്ചുകൊണ്ടാണ് എഴുതുന്നത്. എന്തുകൊണ്ട് എന്റെ തലമുറയിൽ ഇരുപതിനും മുപ്പതിനും ഇടയ്ക്കുള്ള ചെറുപ്പക്കാർ പിതാക്കന്മാരുടേതു പോലെ ആത്മിയ വിപ്ലവത്തിന് ധൈര്യം കാണിക്കുന്നില്ല? എന്റെ പുറകേ വന്ന തലമുറയ്ക്കും അതിന് പുറകേ വരുന്ന തലമുറക്കും എന്തുകൊണ്ട് വിപ്ലവങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നില്ല? എനിക്ക് നിരാശയുണ്ട്. എന്റെ കാലഘട്ടത്തിലെ ചെറുപ്പക്കാരെ ഓർത്ത്. അവർ തങ്ങളുടെ സുരക്ഷിത താവളങ്ങൾ വിട്ട് ഒരിക്കൽപ്പോലും പുറത്തിറങ്ങിയില്ല.

പല്ലുകൊഴിഞ്ഞ നേതൃത്വത്തിന് ഓശാന പാടിയും, അവരുടെ അറുബോറൻ പ്രസംഗങ്ങൾക്ക് മാർക്കിട്ടും, ഈ സംവിധാനങ്ങൾക്ക് ചെറിയൊരു പോറൽ പോലും ഏൽപ്പിക്കാതെ നാം സുഖിച്ചു ജീവിക്കുന്നു. ചരിത്രപാഠങ്ങൾക്ക് മുമ്പിൽ വാതിൽ കൊട്ടിയടച്ച് നാം നമ്മുടെ സുരക്ഷിത താവളങ്ങൾക്കകത്ത് ചിതൽപ്പുറ്റായി മാറിയിരിക്കുന്നു.

---

**സൃഷ്ടിയോ പരിണാമമോ? 2**

# ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു



**ജോസഫ് ഇടക്കാട്ടിൽ**

മഹാനായ ശാസ്ത്രജ്ഞൻ ഐസക്ന്യൂട്ടൻ ആകർഷണസിദ്ധാന്തം അവതരിപ്പിക്കുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ ഭൂമി ശൂന്യതയിൽ തൂങ്ങി നിൽക്കുന്നു എന്ന് ദൈവം ഇയ്യോബിലൂടെ വെളിപ്പെടുത്തി. (ദൈവം ഭൂമിയെ നാസ്തിത്വത്തിന്മേൽ തൂക്കുന്നു. ഇയ്യോ 26:7)

നാൽപതിനായിരം കിലോമീറ്റർ ചുറ്റളവുള്ള 12756 കിലോമീറ്റർ വ്യാസമുള്ള ഭൂമിയാണ് പ്രപഞ്ചത്തിൽ ജീവൻ നിലനിർത്തുന്ന ഏക ആകാശഗോളം. ജീവൻ നിലനിർത്താനുള്ള സാഹചര്യം ഒരുക്കിയശേഷമാണ് ജന്തുജാലങ്ങളെ ദൈവം ഭൂമിയിൽ സൃഷ്ടിച്ചത്. ഭൂമിയിൽ മഴക്കാലവും വേനൽക്കാലവുമെല്ലാം ഉണ്ടാകാൻ തക്ക രീതിയിൽ ദൈവം ഭൂമിയെ (231/2 ഡിഗ്രി ഇരുപത്തിമൂന്നര ഡിഗ്രി) ചരിച്ചാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ ചരിവ് ഉള്ളതുകൊണ്ടാണ് കാലഭേദങ്ങൾ ഭൂമിയിൽ ഉണ്ടാകുന്നത്. ഭൂമി അതിന്റെ അച്ചുതണ്ടിൽ (അച്ചുതണ്ട് സാങ്കൽപികമാണ്) ഒരു മണിക്കൂറിൽ 1680 കിലോമീറ്റർ വേഗതയിൽ കറങ്ങുന്നു. കേട്ടാൽ തല കറങ്ങുന്ന മറ്റൊരു കാര്യം പറയാം. ഭൂമി മണിക്കൂറിൽ ഒരു ലക്ഷത്തിലധികം കിലോമീറ്റർ വേഗതയിൽ (ഒരു സെക്കന്റിൽ മുപ്പത് കിലോമീറ്റർ) സൂര്യന് ചുറ്റും കറങ്ങുന്നു.

ഭൂമിയെ അച്ചുതണ്ടിൽ കറക്കിയാണ് ദൈവം രാവും പകലും ക്രമീകരിക്കുന്നത്. രാത്രി എന്ന് പറയുന്നത് സൂര്യന് എതിർവശത്തുള്ള ഭൂമിയുടെ തന്നെ നിഴലാണ്. ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിക്കുമ്പോഴാണ് ചന്ദ്രഗ്രഹണം ഉണ്ടാകുന്നത്.

ഭൂമധ്യരേഖാ പ്രദേശങ്ങളിൽ കൃത്യം പന്ത്രണ്ട് മണിക്കൂർ പകലും പന്ത്രണ്ട് മണിക്കൂർ രാത്രിയുമാണ് അനുഭവപ്പെടുന്നത്. എന്നാൽ ധ്രുവപ്രദേശങ്ങളിലെ സ്ഥിതി വ്യത്യസ്ഥമാണ് ധ്രുവപ്രദേശങ്ങളിൽ ചില കാലങ്ങളിൽ പകലിന്റെ നീളം കൂടിക്കൂടി വന്ന് ഇരുപത്തിനാലുമണിക്കൂർ പകൽ അനുഭവപ്പെടും. അപ്പോൾ മറുഭാഗത്ത് ഇരുപത്തിനാലുമണിക്കൂർ രാത്രിയായിരിക്കും. സൂര്യൻ ഉദിച്ച ഉടൻതന്നെ അസ്തമിക്കുന്ന ദിവസങ്ങളും സൂര്യൻ ഉദിക്കാത്ത ദിനങ്ങളുമൊക്കെ ഈ ഭൂമിയിൽ ഉണ്ടെന്ന് അറിയുന്നത് വളരെ ആശ്ചര്യകരമായ കാര്യങ്ങളാണ്.

ഭൂമിയുടെ സന്തതസഹചാരിയായ ചന്ദ്രന് ഒരുപാട് കൗതുകകരമായ സവിശേഷതകളുണ്ട്. ഭൂമിയിൽ നിന്ന് ശരാശരി 384402 കിലോമീറ്റർ അകലത്തിലാണ് ചന്ദ്രൻ സ്ഥിതിചെയ്യുന്നത്. രാത്രി വാഴേണ്ടതിന് ദൈവം സൃഷ്ടിച്ച ചന്ദ്രന് ഭൂമിയുടെ ആറിലൊന്ന് മാത്രമാണ് ഗുരുത്വാകർഷണബലം. അതായത് ഭൂമിയിൽ അറുപത് കിലോ ഭാരമുള്ള ഒരാൾക്ക് ചന്ദ്രനിൽ ചെന്നാൽ അയാൾക്ക് വെറും 10 കിലോ ഭാരം മാത്രമേ കാണുകയുള്ളു. ഭൂമിയിൽ അഞ്ചടി ഉയരത്തിൽ ചാടാൻ കഴിയുന്ന ആൾക്ക് ചന്ദ്രനിൽ മുപ്പതടി ഉയരത്തിൽ ചാടാൻ കഴിയും. ചന്ദ്രന് അന്തരീക്ഷമില്ലാത്തതുകൊണ്ട് ഉൽക്കകൾ അതിശക്തമായി പതിച്ച് അഗാധമായ ഗർത്തങ്ങൾ ചന്ദ്രനിലുണ്ടായിട്ടുണ്ട്. നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് കാണുന്ന മുയലുകൾപോലുള്ള വലിയരൂപങ്ങൾ ചന്ദ്രനിലുള്ളത് അതിവിശാലമായ കരകടലുകളാണ്. ഇരുപത് ലക്ഷം ചതുരശ്രകിലോമീറ്റർ വിസ്താരമുള്ള കരകടലുകൾ ഇവിടെയുണ്ട്.

ചന്ദ്രന്റെ ഒരുമുഖം മാത്രമെ നമുക്ക് ഏതുകാലത്തും കാണാൻ കഴിയുകയുള്ളു സൂര്യപ്രകാശത്തെ പ്രതിഫലിപ്പിക്കുവാനുള്ള ശേഷിമാത്രമെ ചന്ദ്രനുള്ളു. ഇക്കാര്യം ഇയ്യോബിന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയിട്ടുണ്ട്.(ഇയ്യോബ് 25:5) ഭൂമിയിൽ നിന്ന് നോക്കുമ്പോൾ ആകാശത്തിന്റെ നിറം (അന്തരീക്ഷമുള്ളതുകൊണ്ട് ) നീലയാണല്ലോ. എന്നാൽ ചന്ദ്രനിൽനിന്ന് ആകാശത്തേക്ക് നോക്കിയാൽ ഏതുസമയത്തും നല്ല ഇരുട്ടായിരിക്കും. നക്ഷത്രങ്ങളെയും കാണാം ചന്ദ്രനിൽനിന്ന് ഭൂമിയെ കാണണമെങ്കിൽ താഴോട്ടുനോക്കിയിട്ട് കാര്യമില്ല. ആകാശത്തേക്കാണ് നോക്കേണ്ടത്. ഭൂമിയിൽ നിന്ന് നോക്കുമ്പോൾ ഭൂമി ആകാശത്ത് നിശ്ചലാവസ്ഥയിലാണ് കാണപ്പെടുന്നത്. ചന്ദ്രന്റെ ഒരു ദിവസവും ഒരു വർഷവും ഏതാണ്ട് ഒരേ സമയദൈർഘ്യം തന്നെയാണ്. അതായത് അതിന്റെ ഭ്രമണകാലവും ഭൂമിയെ ചുറ്റാനെടുക്കുന്ന കാലവും ഏകദേശം ഇരുപത്തിയേഴ് ദിവസമാണ്. ചന്ദ്രനിൽ അന്തരീക്ഷം ഇല്ലാത്തതുകൊണ്ട് പകൽ കഠിനമായ ചൂടും രാത്രി അതിശക്തമായ തണുപ്പും അനുഭവപ്പെടുന്നു.

ഭൂമിയിൽ നിന്ന് ഏകദേശം 15 കോടി കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന 14 ലക്ഷം കിലോമീറ്റർ വ്യാസമുള്ള ഒരു വാതകഗോളമാണ് സൂര്യൻ. സൂര്യൻ ഇല്ലെങ്കിൽ ഭൂമിയിൽ മഴയോ വെയിലോ ഉണ്ടാകുകയില്ല. സസ്യങ്ങളോ ജന്തുക്കളോ ഇവിടെ നിലനിൽക്കുകയില്ല. പന്ത്രണ്ട് ലക്ഷം ഭൂമിയെ ഉൾകൊള്ളാനുള്ള വലിപ്പമുള്ള സൂര്യൻ ഒരു നക്ഷത്രമാണ്. അണുസംയോജന പ്രക്രിയയിലൂടെ ഹൈഡ്രജൻ ഹീലിയമാക്കപ്പെടുന്നതിന്റെ ഫലമായാണ് സൂര്യനിൽ താപം ഉൽപാദിക്കപ്പെടുന്നത്. സൂര്യനിലുള്ള വാതകം കത്തിജ്വലിച്ച് തിരമാലകൾപോലെ പുറത്തേക്ക് ഉയരാറുണ്ട്. നാലര ലക്ഷം കിലോമീറ്റർവരെ ഈ സൗരജ്വാലകൾക്ക് ഉയരം (അതായത് നാൽപത് ഭൂമിയുടെ ഉയരം) ഉണ്ടെന്ന് കേട്ടാൽ തലകറങ്ങാൻ സാദ്ധ്യതയുണ്ട്.

ശാസ്ത്രനിഗമനമനുസരിച്ച് നക്ഷത്രങ്ങൾ ജനിക്കുകയും മരിക്കുകയും ചെയ്യുന്നു. സൂര്യനും ഒരു നക്ഷത്രമാകയാൽ സൂര്യനിലെ വാതകശേഖരം കത്തിത്തീരുമ്പോൾ അതിന്റെ കഥ കഴിയും. നക്ഷത്രങ്ങളുടെ കാമ്പ് ക്രമേണ ഗുരുത്വബലം കൊണ്ട് ഞെരിഞ്ഞമർന്ന് പ്രകാശത്തെപ്പോലും പുറത്തുവിടാത്തതരത്തിലുള്ള അവസ്ഥയിൽ എത്തിച്ചേരുമത്രെ. നക്ഷത്രങ്ങളുടെ ഈ അവസ്ഥയെ തമോഗർത്തങ്ങൾ എന്ന് വിളിക്കുന്നു. യുദായുടെ പുസ്തകം 13ാം വാക്യത്തിൽ പറയുന്ന അന്ധതമസ്സ് സൂക്ഷിച്ചുവെച്ചിരിക്കുന്ന നക്ഷത്രം ഇതുതന്നെ. മൃതിയടഞ്ഞ ഒരു മുൻനക്ഷത്രത്തിന്റെ അവശിഷ്ടങ്ങളിൽ നിന്നാണ് സൗരയൂഥം സൃഷ്ടിക്കപ്പെട്ടത് എന്ന് കരുതുന്ന ശാസ്ത്രജ്ഞന്മാരും ഉണ്ട്.

സൂര്യനെന്ന നക്ഷത്രത്തിന്റെ മരണവും ദൈവത്തിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. തമോഗർത്തങ്ങൾ രൂപം കൊള്ളുന്നതും ദൈവനിശ്ചയപ്രകാരം തന്നെയാണ്. ഇയ്യോബിന്റെ പുസ്തകം 9:7 ൽ പറയുന്നു. "അവൻ സൂര്യനോട് കൽപ്പിക്കുന്നു അത് ഉദിക്കാതിരിക്കുന്നു, അവൻ നക്ഷത്രങ്ങളെ പൊതിഞ്ഞു (തമോഗർത്തം) മുദ്രയിടുന്നു".

**ദൈവകണവും ദൈവീകഗണവും**

പ്രപഞ്ചത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള മനുഷ്യന്റെ അന്വേഷണം മനുഷ്യന്റെ ഉല്പത്തിയോടൊപ്പം ആരംഭിച്ചതാണ്. ഈ കാണുന്ന ബൃഹത്തായ പ്രപഞ്ചം ആരെങ്കിലും സൃഷ്ടിച്ചതാണോ അതോ സ്വയം രൂപാന്തരം പ്രാപിച്ചുണ്ടായതാണോ എന്നാണ് തർക്കം. ദൈവ വിശ്വാസികൾക്ക് ഇക്കാര്യത്തിൽ ഒരൊറ്റ ഉത്തരമേയുള്ളു. ഈ കാണുന്നതും കാണാത്തതുമായ സകല പ്രപഞ്ചത്തേയും അതിലുള്ള വാനഗോളങ്ങളെയും അവയിലുള്ള ജീവജാലങ്ങളെയും സാക്ഷാൽ ദൈവം സൃഷ്ടിച്ചതാണെന്ന് എല്ലാ ദൈവവിശ്വാസികളും കരുതുന്നു.

എന്നാൽ ചില ശാസ്ത്രജ്ഞന്മാർ പ്രപഞ്ചം സൃഷ്ടിയാണെന്ന വാദം അംഗീകരിക്കുന്നില്ല. സൃഷ്ടിയാണെന്ന് അംഗീകരിച്ചാൽ സൃഷ്ടിതാവിനെയും അംഗീകരിക്കേണ്ടിവരും. സൃഷ്ടാവുണ്ടെന്ന് അംഗീകരിച്ചാൽ അവന്റെ കൽപനകളെ അംഗീകരിക്കേണ്ടിവരും. ഈ 'ബുദ്ധിമുട്ടുകൾ' ഒഴിവാക്കാൻ വേണ്ടി ചില ശാസ്ത്രജ്ഞന്മാർ പ്രപഞ്ചം ഉണ്ടായത് ഒരും മഹാ സ്ഫോടനത്തിന്റെ ഫലമാണെന്ന് കരുതുന്നു. ഇത് കേവലം അനുമാനം മാത്രമാണ്. ശാസത്രീയമായി തെളിയിക്കപ്പെട്ട കാര്യമല്ല, ഇക്കാര്യം തെളിയിക്കാനാവശ്യമായ തെളിവുകൾ തേടി

*(ശേഷം പേജ് 4 ൽ)*



# ഐ.പി.സി. പെന്തെക്കോസ്തൽ ചർച്ച് ഓഫ് കുവൈറ്റ്

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ പെന്തെക്കോസ്തൽ ചർച്ച് ഓഫ് കുവൈറ്റിന്റെ 2012-ാം വർഷത്തെ വാർഷിക ജനറൽ ബോഡി യോഗം 2013 ജനുവരി 24-ാം തീയതി നാഷണൽ ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് കുവൈറ്റ്, കെ.ടി.എം.സി.സി. ഹാളിൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ സണ്ണി അലക്സാണ്ടറിന്റെ അദ്ധ്യക്ഷതയിൽ കൂടി. പ്രസ്തുത യോഗത്തിൽ 47-ാമത് വാർഷിക റിപ്പോർട്ടും, വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. അതിന് ശേഷം 2013-ാം വർഷത്തേക്കുള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് പാസ്റ്റർ സണ്ണി അലക്സാണ്ടർ, സെക്രട്ടറി ബ്രദർ ബാബു വർഗീസ് (കൊല്ലകടവ്) ജോയിന്റ് സെക്രട്ടറി ജോയി സി.പണിക്കർ, ട്രഷറാർ സജി ജേക്കബ് ജോൺ, ജോയിന്റ് ട്രഷറാർ രാജൻ ജോർജ്ജ്, കമ്മറ്റി മെമ്പേഴ്സ് എബി മാത്യു, പി. എം.ഫിലിപ്പ്, ബിജു ഏബ്രഹാം, സുനിൽ വർഗീസ്, വി.എം.സാമുവേൽ, ജോൺ ഫിലിപ്പോസ്, ജോജി വർഗീസ് കുന്നേൽ, ജയിംസ് ഫിലിപ്പ്, റജി കുര്യൻ, റ്റിജോ സി.സണ്ണി, ആഡിറ്റേഴ്സ് ബ്രദേഴ്സ് ബേബി ചാക്കോ, സിജു മത്തായി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ റജി കുര്യൻ. ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷവും നിർധനരായ വിശ്വാസികൾക്ക് സഹായങ്ങൾ ലഭിക്കുന്നതാണ്. സഹായം അർഹിക്കുന്നവർ സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം ലോക്കൽ സഭാ ശുശ്രൂഷകന്റെയും, സെന്റർ ശുശ്രൂഷകന്റെയും ശുപാർശക്കത്തോടെ അപേക്ഷിക്കേണ്ടതാണ്. (ഫോട്ടോ കോപ്പി സ്വീകരിക്കുന്നതല്ല).

സഭയുടെ ആരാധനാ യോഗങ്ങൾ വെള്ളിയാഴ്ച രാവിലെ 9.45 മുതൽ 12.00 വരെ എൻ.ഇ.സി.കെ. കെ.റ്റി.എം.സി.സി. ഹാളിലും ശനിയാഴ്ച വൈകിട്ട് 6.45 മുതൽ 9 വരെ എൻ.ഇ.സി.കെ. ഹാൾ ഓഫ് ഫെയ്ത്തിലും നടന്നു വരുന്നു. കുവൈറ്റിൽ ജോലിക്കായി കടന്നു വരുന്ന പ്രിയപ്പെട്ടവർ ആരാധനകളിൽ സംബന്ധിക്കുന്നതിനും, ആത്മിയ കൈത്താങ്ങലിനും താഴെ പ്പറയുന്ന ടെലിഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

24348955, 99543522 പാസ്റ്റർ സണ്ണി അലക്സാണ്ടർ

99539423 ബ്രദർ ബാബു വർഗീസ് (സെക്രട്ടറി)

പോസ്റ്റൽ അഡ്രസ്: The Secretary, P.O.Box No.22755, Safat, 13088-Kuwait.



മണിമല ഐ.പി.സി. സഭയുടെ പുതിയ ആരാധനാലയത്തിന്റെ ഉദ്ഘാടനം റവ.ഡോ.കെ.സി.ജോൺ നിർവ്വഹിക്കുന്നു. പാസ്റ്റർ റ്റി.സി.കോശി, സഭാ ശുശ്രൂഷകൻ പാസ്റ്റർ സജി പി. ഏബ്രഹാം എന്നിവർ സമീപം.

## ഉപവാസ പ്രാർത്ഥന

ബാംഗ്ലൂർ: കർണ്ണാടകയിലെ വിവിധ പെന്തെക്കോസ്ത് സഭകളിലെ ശുശ്രൂഷകരുടെ ഭാര്യമാരും, സഹോദരിമാരുടെയും ഐക്യകൂട്ടായ്മയായ യുണൈറ്റഡ് പെന്തെക്കോസ്തൽ ലേഡീസ് പ്രെയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 21-ന് ന്യൂ ലൈഫ് കോളജിൽ ഏകദിന ഉപവാസപ്രാർത്ഥന നടന്നു. കീർത്തി റിന്റു പ്രസംഗിച്ചു. മേഴ്സി മാത്യു, സാറാ തോമസ്, ജ്യോതി ജോൺസൺ എന്നിവർ നേതൃത്വം നൽകി.

ആവശ്യമുണ്ട്

Ladies Hostel- ൽ താമസിച്ച് ജോലി ചെയ്യുവാൻ
3 Lady Staff-നെയും 1 Warden-നെയും ആവശ്യമുണ്ട്.

B-GHUD

opp: Arvee Bakery Puthiacavu jn., Mavelikara.
PH: 9747931968, 9847000796

# ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു

*3-ാം പേജ് തുടർച്ച*

ശാസ്ത്രലോകം കഠിനാധ്വാനത്തിലാണ്. ഈ അധ്വാനത്തിന്റെ ഒരു നിർണായകഘട്ടം ആയെന്നും പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചുള്ള രഹസ്യങ്ങൾ മറ നീക്കാൻ പോകുന്നുവെന്നുമൊക്കെയാണ് വീരവാദങ്ങൾ. ദൈവകണത്തെ കണ്ടെത്തിയെന്ന പ്രഖ്യാപനം കേട്ട് എല്ലാവരും ആകാംക്ഷാഭരിതരായിത്തീർന്നിരിക്കുകയാണ്.

**എന്താണ് ദൈവകണം?**

പ്രപഞ്ചത്തിന്റെ ഉല്പത്തി, ചിന്തിക്കുന്ന എല്ലാ മനുഷ്യന്റെയും മുമ്പിൽ ഒരു സമസ്യയായി അവശേഷിക്കുന്നു. ഇതിന്റെ രഹസ്യം തേടിയുള്ള അന്വേഷണത്തിൽ മനുഷ്യർ പലഗണമായി പിരിഞ്ഞു. ചിലർ ഈ കാണുന്നതും കാണാത്തതുമായ സകലവും ദൈവീക സൃഷ്ടിയുടെ ഫലമാണെന്ന് വിശ്വസിക്കുന്നു. അവരെ നമ്മൾ ഈശ്വരവിശ്വാസികൾ എന്ന് പൊതുവെ വിളിക്കുന്നു. ഈശ്വര വിശ്വാസികൾ തന്നെ പല തരത്തിലുണ്ട്. പ്രപഞ്ച സൃഷ്ടിക്ക് കാരണമായ ഏതോ അജ്ഞാതമായ ശക്തി (ഊർജം) ഉണ്ടെന്നും എന്നാൽ ആ ശക്തിക്ക് മനുഷ്യരുടെ മേലോ പ്രകൃതിശക്തികളുടെ മേലോ യാതൊരു നിയന്ത്രണവുമില്ലെന്നാണ് ചിലർ വിശ്വസിക്കുന്നത്. എന്നാൽ ദൈവത്തിന്റെ ജോലി വെറും സൃഷ്ടികർമ്മം മാത്രമല്ലെന്നും പരിപാലനവും രക്ഷയും ശിക്ഷയുമെല്ലാം ഉൾപ്പെടുമെന്നും വിശ്വസിക്കുന്ന കൂട്ടങ്ങളുണ്ട്. ഇവർ ഈശ്വരനെ തേടിയുള്ള യാത്രയിൽ വിവിധ ജാതിമത വിഭാഗങ്ങളായി പിരിഞ്ഞു കർമാനുഷ്ഠാനങ്ങൾകൊണ്ടും നേർച്ചകാഴ്ചാതീർത്ഥാടനങ്ങൾകൊണ്ടും ഈശ്വര സാമിപ്യം അനുഭവിക്കാമെന്നും മോക്ഷം പ്രാപിക്കാമെന്നുമൊക്കെ ഇക്കൂട്ടർ വിശ്വസിക്കുന്നു. ലോകജന സംഖ്യയിൽ ഏറ്റവും കൂടുതൽപേർ ഇക്കൂട്ടത്തിൽപ്പെടുന്നവരാണ്. ദൈവപ്രമാണങ്ങളെക്കുറിച്ചും തിരുവെഴുത്തുകളെക്കുറിച്ചും അറിവില്ലാത്ത ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടുന്നവരും ഇക്കൂട്ടത്തിൽപ്പെട്ടുപോയിട്ടുണ്ട്. ക്രിസ്തീയ മാർഗത്തെ വെറും മതമാക്കി മാറ്റുന്നതിൽ ക്രിസ്തീയ പ്രമാണങ്ങൾ മനസ്സിലാക്കാത്തവരുടെ പങ്ക് വലുതാണ്.

ഏതായാലും പ്രപഞ്ചത്തിന്റെ ഉല്പത്തിയെക്കുറിച്ചും മനുഷ്യന്റെ അസ്തിത്വക്കുറിച്ചുമൊക്കെയുള്ള അന്വേഷണം മനുഷ്യവർഗത്തെ പൊതുവെ രണ്ടായി തിരിച്ചിരിക്കുന്നു. ഒരു കൂട്ടർ സകല ആകാശഗോളങ്ങളും ജീവജാലങ്ങളുമെല്ലാം അനേകായിരം വർഷങ്ങളിലൂടെ രൂപാന്തരപ്പെട്ട് ഉണ്ടായതാണെന്ന് കരുതുന്നു. മറുവശത്ത് പ്രപഞ്ചത്തിലെ സകല ചരാചരവസ്തുക്കളും ദൈവം സൃഷ്ടിച്ചതാണ്, അല്ലെങ്കിൽ അജ്ഞാതമായ ഒരു ശക്തി രൂപം കൊടുത്തതാണെന്ന് വിശ്വസിക്കുന്നു. ഇതെല്ലാം എങ്ങനെ ഉണ്ടായി എന്ന ചോദ്യത്തിന് ദൈവവിശ്വസികൾക്ക് വ്യക്തമായ ഉത്തരമുണ്ട്. വിദഗ്ദനായ ഒരു എഞ്ചിനീയർ ഇല്ലാതെ കേവലം ഒരു വാച്ച്പോലും സ്വയം രൂപപ്പെടുകയില്ല. വാച്ചിനുള്ളിലെ യന്ത്രഭാഗങ്ങൾ ആകസ്മികമായി കൂട്ടിയിടിച്ചാലോ എല്ലാഭാഗങ്ങളും വാച്ചിന്റെ കേസിനുള്ളിൽ ഇട്ട് കുലുക്കിയാലോ അത് വാച്ച് ആയി മാറുകയില്ല. എത്രകാലം കാത്തിരുന്നാലും അതിന് സ്വയം പ്രവർത്തിക്കാനുള്ള ഊർജ്ജം ലഭിക്കില്ല. അത് സ്വയം പ്രവർത്തനം ആരംഭിക്കുകയുമില്ല. അതുപോലെ ഈ പ്രപഞ്ചവും അതിലുൾപ്പെട്ട ജന്തുജാലകങ്ങളും ആകസ്മികമായി രൂപപ്പെടുന്നതല്ലെന്നും അതിന്റെ പിന്നിൽ ഒരു പ്രപഞ്ച ശിൽപി ഉണ്ടെന്നും ഉറപ്പിക്കുന്നവരാണ് ഈശ്വര വിശ്വസികൾ.

എന്നാൽ പ്രപഞ്ചവും അതിലുള്ള സകലവും രൂപാന്തരം പ്രാപിച്ച് അതായത് പരിണാമത്തിലൂടെ ഉണ്ടായതാണെന്ന് വിശ്വസിക്കുന്ന നിരീശ്വരവാദികളും പരിണാമവാദികളും ഇതിന്റെയൊക്കെ ആരംഭമെങ്ങനെയെന്ന ചോദ്യത്തിന് മുമ്പിൽ ഉത്തരമില്ലാതെ സ്തംഭിച്ചുനിൽക്കുന്നു. ഈ പ്രതിസന്ധി തരണം ചെയ്യുവാനുള്ള ശ്രമത്തിലാണ് ഭൗതികവാദികളായ ശാസ്ത്രജ്ഞൻമാർ അവർക്ക് കിട്ടിയ ഒരു കച്ചിത്തുരുമ്പാണ് ഹിഗ്സ്ബോസോൺ എന്ന ദൈവകണം. പേരു കേട്ടാൽ തോന്നും ദൈവത്തിന്റെ ഒരു കണമോ അതുമല്ലെങ്കിൽ ഒരു കോശമെങ്കിലും മനുഷ്യൻ കണ്ടെത്തി

> **പരിണാമവാദികളെ കുഴക്കുന്ന ഏറ്റവും പ്രധാന ചോദ്യം ഒന്നുമില്ലായ്മയിൽ നിന്ന് (ശൂന്യതയിൽ നിന്ന്) ആദ്യമായി ദ്രവ്യം എങ്ങനെ ഉണ്ടായി എന്നതാണ്. ഒരു കാരണമില്ലാതെ ഒരു വസ്തുവും രൂപപെടുകയില്ല എന്നാണ് ശാസ്ത്രലോകം വിശ്വസിക്കുന്നത്. ഒരു മഹാവിസ്ഫോടനത്തിലൂടെയാണ് ഇന്നു കാണുന്ന ഭൂമിയും മറ്റ് ആകാശഗോളങ്ങളുമൊക്കെ ഉണ്ടായതെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. ഇങ്ങനെ ഒരു മഹാസ്ഫോടനം നടക്കണമെങ്കിൽ അതിന്റെ പിന്നിലുള്ള ശക്തി (ഊർജം) എന്താണന്ന് ഒരു ശാസ്ത്രജ്ഞനും കൃത്യമായി അറിയില്ല.**

യെന്ന്. ദൈവത്തെ ഇവർ കണ്ടെത്തിയില്ലെന്ന് മാത്രമല്ല അനന്തമജ്ഞാത അവർണനീയമായ ഈ പ്രപഞ്ചത്തിന്റെ ഒരു കണത്തെപോലും കണ്ടെത്തുവാൻ കഴിഞ്ഞുവോ എന്ന് സംശയമുണ്ട്.

പ്രപഞ്ചത്തിൽ അടിസ്ഥാനപരമായി കുറെ കണങ്ങൾ (പന്ത്രണ്ട് എന്ന് ചിലർ പറയുന്നു) ഉണ്ടത്രെ. അതിൽ പതിനൊന്നു കണ്ടെത്തിയെന്നും പന്ത്രണ്ടാമത്തെകണത്തെ കണ്ടെത്തിയാൽ പ്രപഞ്ചത്തിന്റെ ഉല്പത്തി രഹസ്യം കണ്ടെത്താമെന്നുമാണ് ചില ശാസ്ത്രജ്ഞന്മാരുടെ ചിന്തകൾ. അങ്ങനെ ഇവർ അന്വേഷിച്ചുകൊണ്ടിരിക്കുന്ന പന്ത്രണ്ടാമത്തെ കണമാണത്രെ ദൈവകണം.

പരിണാമവാദികളെ കുഴക്കുന്ന ഏറ്റവും പ്രധാനചോദ്യം ഒന്നുമില്ലായ്മയിൽ നിന്ന് (ശൂന്യതയിൽ നിന്ന്) ആദ്യമായി ദ്രവ്യം എങ്ങനെ ഉണ്ടായി എന്നതാണ്. ഒരു കാരണമില്ലാതെ ഒരു വസ്തുവും രൂപപ്പെടുകയില്ല എന്നാണ് ശാസ്ത്രലോകം വിശ്വസിക്കുന്നത്. ഒരു മഹാവിസ്ഫോടനത്തിലൂടെയാണ് ഇന്നു കാണുന്ന ഭൂമിയും മറ്റ് ആകാശഗോളങ്ങളുമൊക്കെ ഉണ്ടായതെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. ഇങ്ങനെ ഒരു മഹാസ്ഫോടനം നടക്കണമെങ്കിൽ അതിന്റെ പിന്നിലുള്ള ശക്തി (ഊർജം) എന്താണന്ന് ഒരു ശാസ്ത്രജ്ഞനും കൃത്യമായി അറിയില്ല.

അടിസ്ഥാന കണികകൾക്ക് പിണ്ഡം(മാസ്സ്) എങ്ങനെ ലഭിക്കുന്നുവെന്ന് ആർക്കും അറിയില്ല. ഇതിനുള്ള ഉത്തരം കണ്ടെത്താൻ സേൺ എന്ന് വിളിക്കപ്പെടുന്ന ശാസ്ത്രസംഘടന നടത്തിയ അതിബൃഹത്തായ ഒരു പരീക്ഷണഫലമായിട്ടാണ് ദൈവകണത്തെ കണ്ടെത്തിയതെന്നാണ് അവകാശപ്പെടുന്നത്. പ്രപഞ്ചരഹസ്യങ്ങളുടെ കലവറ ഹിഗ്സ് ബോസോൺ തുറക്കുമെന്നാണ് ചില ശാസ്ത്രജ്ഞന്മാർ കരുതുന്നത്.

എന്നാൽ പ്രപഞ്ചത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള അടിസ്ഥാനപ്രശ്നങ്ങൾ ഇപ്പോഴും തുടരുന്നു. മഹാവിസ്ഫോടനത്തിന് കാരണമെന്ത്? അതിനുള്ള വാതകമോ, ദ്രവ്യരൂപമോ എവിടെനിന്ന് ലഭിച്ചു? ഇപ്പോൾ ഇത്തരം സ്ഫോടനങ്ങൾ ഉണ്ടോ? ഗുരുത്വകാർഷണബലവും ഊർജവികിരണങ്ങളും പ്രപഞ്ചത്തിൽ ഏത് മാധ്യമത്തിലൂടെ എങ്ങനെ പ്രസരിക്കുന്നു എന്ന് ആർക്കുമറിയില്ല. മൂലകങ്ങൾ സ്വയം സംയോജിക്കുകയും വിഘടിക്കുകയും ചെയ്യുന്നത് എങ്ങനെയെന്ന ചോദ്യത്തിന് ഉത്തരമില്ല. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കാലക്രമേണ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തുമെന്നാണ് ശാസ്ത്രപക്ഷം. ഇങ്ങനെ കണ്ടെത്തുന്ന ശാസ്ത്രതത്വങ്ങൾ ശാശ്വത സത്യങ്ങളായിരിക്കണമെന്നില്ല. പുറകെ വരുന്ന ശാസ്ത്രജ്ഞന്മാർ പുതിയ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നു. എന്നാൽ ശാസ്ത്രലോകം മനസ്സിലാക്കുന്നതിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് വേദപുസ്തകം നൽകിയ ശാസ്ത്രീയ അറിവുകൾ ഇന്നും മാറ്റമില്ലാതെ തുടരുന്നു. ഭൂമിയുടെ വൃത്താകൃതി ഭൂമിയുടെ അന്തർഭാഗത്തെ അവസ്ഥ എന്നിവ ഉദാഹരണങ്ങളാണ്.

പ്രപഞ്ചത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള ശാസ്ത്രലോകത്തിന്റെ അന്വേഷണവും ദൈവകണത്തെ കണ്ടെത്തിയതുമൊന്നും ആത്മീയ ലോകത്തിന് പരിഭ്രമമുണ്ടാക്കുന്ന കാര്യമല്ല. ശാസ്ത്രജ്ഞന്മാരുടെ അന്വേഷണങ്ങളുടെ അന്ത്യമെന്താണെന്ന് പ്രവചിക്കുവാൻ ദൈവമക്കൾക്ക് കഴിയും. പ്രപഞ്ചം ഇങ്ങനെ രൂപപ്പെട്ടുവന്നതിന്റെ പിന്നിൽ അജ്ഞാതമായ ഒരു ശക്തി (ഊർജ്ജം) പ്രവർത്തിക്കുന്നു എന്ന് അവർ ഒടുവിൽ കണ്ടെത്തും. അത് ദൈവമാണെന്ന് സമ്മതിക്കുവാൻ ചില ശാസ്ത്രജ്ഞന്മാർ തയ്യാറാവുകയില്ല. പിന്നെയും ഈ ഊർജത്തിന്റെ സവിശേഷതകൾ തേടിയുള്ള യാത്ര അവർ തുടർന്നുകൊണ്ടിരിക്കും.

എന്നാൽ ദൈവകണത്തെയല്ല ദൈവാത്മാവിനെത്തന്നെ തന്നെ കണ്ടെത്തിയ കൂട്ടമാണ് നമ്മൾ വിശ്വാസികൾ. നമ്മൾ ദൈവത്തെ കണ്ടെത്തിയത് ഭൂമിക്കടിയിൽ തുരങ്കമുണ്ടാക്കി രാസപരീക്ഷണങ്ങൾ നടത്തിയല്ല. രാസപരീക്ഷണങ്ങൾക്ക് പകരം രോഗപരീക്ഷകളും ജീവിതാനുഭവങ്ങളുമാണ് ദൈവത്തെ കണ്ടെത്തുവാൻ നമ്മെ പ്രേരിപ്പിച്ചത്. ഇത്ര നല്ലവനായ ദൈവത്തെ കണ്ടെത്തിയ നമുക്കിനി പ്രപഞ്ചത്തിന്റെ ഉല്പത്തിയെക്കുറിച്ച് ചിന്തിച്ച് തലപുണ്ണാക്കേണ്ട കാര്യമില്ല. അതെല്ലാം തിരുവചനവും ദൈവാത്മാവും നമുക്ക് വെളിപ്പെടുത്തിത്തന്നുകൊള്ളും.

ദൈവകണത്തിന് പിന്നാലെ പോയി ആത്മാവിനെ നഷ്ടപ്പെടുത്താതെ ദൈവഗണത്തിൽ അണിചേരുവാൻ ശാസ്ത്രതാൽപര്യമുള്ളവരെ നാം ക്ഷണിക്കണം. ദൈവകണത്തെ കണ്ടെത്തുകയല്ല ദൈവീകഗണത്തിൽപ്പെട്ടവരായിത്തീരുക എന്നതാണ് മനുഷ്യവർഗത്തിന്റെ ആത്മീയവും ഭൗതികവുമായ രക്ഷക്ക് നിദാനമെന്ന് എല്ലാവരും തിരിച്ചറിയട്ടെ. അതിനായി നമുക്ക് പ്രാർത്ഥിക്കാം പരിശ്രമിക്കാം.

Pc.B.Sc. M.Sc. NURSING
FEW SEATS AVAILABLE
CALL @ 9947963438 9847170530
CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION
AMPRAYIL BLDGS, YMCA JN.,T.K. ROAD
THIRUVALLA PH 0469-2620999, 2606002




# സ്വർഗ്ഗവും നരകവും



വൈ. ഡാനിയേൽ

*1-ാം പേജ് തുടർച്ച*

എന്റെ വലതുവശത്ത് നിന്ന ദൂതൻ തന്നെ പരിചയപ്പെടുത്തി. "ഞാൻ സ്വർഗ്ഗരാജ്യത്തിന്റെ അധിപനായ യേശുവിന്റെ ആജ്ഞ അനുസരിച്ചാണ് ഇവിടെ വന്നിരിക്കുന്നത്. യേശു എന്നോട് ഭൂമിയിലേക്ക് പോകുവാൻ ആജ്ഞാപിച്ചു. നിങ്ങളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാൻ ആജ്ഞാപിച്ചിരിക്കുന്നു. ഇപ്പോൾ നീ മരിച്ചവനാണ്. നിന്റെ വീട്ടുകാർ നിന്നേക്കുറിച്ചു വിലപിക്കുന്നു. എന്നാൽ യേശു നിനക്ക് കുറച്ചു സമയം കൂടി ജീവിക്കുവാൻ തരുവാൻ ആഗ്രഹിക്കുന്നു. അതിന് മുൻപ് യേശു നിന്നെ സ്വർഗ്ഗവും നരകവും കാണിക്കും. നിനക്ക് വീണ്ടും ജീവിതം മടക്കിത്തരുമ്പോൾ നീ കണ്ടത്തിനെക്കുറിച്ച് ലോകത്തോട് സംസാരിക്കണം. നിന്റെ സാക്ഷ്യം നിമിത്തം അനേകർ നിത്യനരകത്തെ വിട്ടൊഴിഞ്ഞ് നിത്യസ്വർഗ്ഗത്തിലെത്തുവാൻ കാരണമാകും. ഇതാണ് ദൈവം നിന്നെ ഏല്പിക്കുവാൻ പോകുന്ന ദൗത്യം. ഇപ്പോൾ നീ വിസമ്മതിച്ചാൽ നിനക്ക് സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കുമുള്ള സന്ദർശന അവസരം നഷ്ടമാകും."

എന്റെ ഇടതുഭാഗത്തു നിന്ന ദൂതൻ പറഞ്ഞു:

"നിന്റെ ജനനം മുതൽ നീ മരിച്ച നിമിഷം വരെ ഞാൻ നിന്നോട് കൂടെയുണ്ട്." ഈ ദൂതൻ എന്താണ് പറഞ്ഞതെന്ന് എനിക്ക് അപ്പോൾ മനസ്സിലായില്ല. ഇദ്ദേഹം എന്റെ സംരക്ഷണ ദൂതൻ ആണെന്ന് പിന്നീട് എനിക്ക് മനസ്സിലായി. അപ്പോൾ ഞാൻ പറഞ്ഞു: "എനിക്ക് ഇപ്പോൾ വരുവാൻ കഴിയുകയില്ല. ഞാനൊരു പാസ്റ്ററാണ്. എന്റെ ഈ ശാരീരികാവസ്ഥയിൽ എനിക്ക് എന്റെ കർത്താവിനെ കാണുവാൻ കഴിയുകയില്ല. എനിക്ക് നല്ല ആരോഗ്യത്തോടെ കർത്താവിനെ കാണണം. എനിക്ക് കർത്താവിൽ നിന്ന് അഭിനന്ദനത്തേക്കാൾ ശകാരമായിരിക്കും കിട്ടുന്നത്. ഞാൻ അഹങ്കാരിയും നിഗളിയുമാണ്. അതിന്റെ ശാപമാണ് ഈ രോഗമെന്ന് ഞാൻ അറിയുന്നു. ഈ അവസ്ഥയിൽ എനിക്ക് സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുവാൻ കഴിയുമോ? ദയവായി നിങ്ങൾ സ്വർഗ്ഗത്തിൽ പോയി എന്നെ സൗഖ്യമാക്കുവാൻ യേശുവിനോട് അപേക്ഷിക്കുമോ? എന്നിട്ട് വന്ന് എന്നെ നിങ്ങൾ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകണം. ദയവായി കർത്താവ് എന്നോട് ദയ കാണിക്കുവാൻ അപേക്ഷിക്കുമോ?" ഞാൻ ചോദിച്ചു.

എന്റെ യാതൊരു അഭ്യർത്ഥനകളും ദൂതന്മാർ അംഗീകരിച്ചില്ല. അവർ എന്റെ വസ്ത്രം നീക്കി. ഈ മുഷിഞ്ഞ വസ്ത്രങ്ങൾ സ്വർഗ്ഗത്തിൽ അണിയുവാൻ പറ്റിയതല്ല.

സെഖര്യാവ്.3:4 "അവന്റെ മുമ്പിൽ നില്ക്കുന്നവരോട് ദൂതൻ പറഞ്ഞു: അവന്റെ മുഷിഞ്ഞ വസ്ത്രം നീക്കിക്കളയുവീൻ. പിന്നീട് ദൂതൻ യോശുവയോട് പറഞ്ഞു: നോക്കുക! ഞാൻ നിന്റെ പാപം നിന്നിൽ നിന്ന് നീക്കിയിരിക്കുന്നു. ഞാൻ നിന്നെ സമ്പന്ന വസ്ത്രം (ഉത്സവ വസ്ത്രം) ധരിപ്പിക്കും."

അവരെന്റെ കൈകളിൽ പിടിച്ചുകൊണ്ട് നേരെ സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു. യാത്രയിൽ ഞാൻ ഭൂമിയെ നോക്കി. ഒരു ചെറിയ ഗോളമായി കണ്ടു. അവരെന്നെ സ്വർണ്ണത്തെരുവീഥിയിലൂടെ നടത്തി. കണ്ണഞ്ചിക്കുന്ന പ്രകാശത്താൽ നിറഞ്ഞ ആ സ്ഥലം ഞാൻ നോക്കിക്കണ്ടു. ഈ പ്രകാശം എവിടെ നിന്ന് വരുന്നു? ദൂതൻ പറഞ്ഞു: ഇത് സ്വർഗ്ഗത്തിൽ നിന്ന് വരുന്നു. ഞാൻ അത്ഭുതപ്പെട്ടു പോയി.

വെള്ളഗൗൺ ധരിച്ച രണ്ടാളുകൾ എന്റെ തലയ്ക്ക് മുകളിലൂടെ പറന്നു വരുന്നു. ഞാൻ ചോദിച്ചു: ഹോ! ഇവർ ആരാണ്?

ദൂതൻ: ജീവിതകാലം മുഴുവൻ ദൈവത്തെ വിശ്വസ്തതയോടെ ശുശ്രൂഷിച്ചവരും യേശുക്രിസ്തുവിൽ വിശ്വസിച്ച് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന് പൂർണ്ണഹൃദയത്തോടും ആത്മാവിനോടും സമർപ്പിച്ചു വിധേയപ്പെടുത്തിയവരുമായ അനേകരിൽപ്പെട്ടവരാണ്. അവരുടെ ശരീരം മരിച്ചു ഭൂമിയിലാണ്. അവരുടെ ആത്മാക്കൾ ഇപ്പോൾ സ്വർഗ്ഗത്തിലാണ്.

മറ്റൊരു ദൂതൻ: അവിടെ കാണുന്നത് സ്വർഗ്ഗത്തിന്റെ 12 ഗേറ്റുകളാണ്.

രക്ഷിക്കപ്പെട്ട...... ഒരാത്മാവ് സ്വർഗ്ഗത്തിലെത്തുമ്പോൾ ഇതിലൊരു ഗേറ്റിലൂടെയാണ് അവർ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുന്നത്. ഞങ്ങൾ ഇപ്പോൾ തെക്കേ വാതിലിലാണ്, എന്നാലത് അടഞ്ഞിരിക്കുന്നു. ഞാൻ കാത്തുനില്ക്കുകയാണ്.

ഞാൻ ദൂതനോട്, "എന്താ ഈ ഗേറ്റ് തുറക്കാത്തത്?"

ദൂതൻ: കാരണം നീ സ്വർഗ്ഗീയ ആരാധനാ ഗീതങ്ങൾ പാടിയിട്ടില്ല.

സങ്കീർത്തനം 100:4 "അവിടുത്തെ വാതിലുകളിൽ സ്തോത്രത്തോടും അവിടുത്തെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ പ്രവേശിപ്പിൻ. അവിടുത്തേക്ക് സ്തോത്രം അർപ്പിച്ച് തിരുനാമം വാഴ്ത്തുവീൻ."

ഞാൻ: "ദൂതന്മാരേ! ഞാൻ വലിയ അഹങ്കാരിയും നിഗളിയുമായിരുന്നു. അതിന്റെ ശാപമായിട്ടാണ് രോഗിയായിത്തീർന്നത്. എനിക്ക് ഭൂമിയിൽവച്ച് നന്നായി പാടുവാൻ കഴിഞ്ഞിരുന്നില്ല. പിന്നെ എങ്ങനെ സ്വർഗ്ഗീയ ആരാധനാ പാട്ടുകൾ പാടുവാൻ കഴിയും? ഞാൻ അത് മുമ്പ് കേട്ടിട്ടില്ലായിരുന്നുവല്ലോ."

ദൂതൻ: "നീ പറഞ്ഞത് ശരി തന്നെ. എന്നാൽ ആരാധനയ്ക്കായി ഒരുങ്ങുക. നീ അഹങ്കാരിയാണ്. എന്നാൽ പാടുവാൻ ഒരുങ്ങുക." ദൂതന്മാർ പാടുവാൻ തുടങ്ങി. അവർ പാടിയപ്പോൾ ഞാനും അവരോടൊത്ത് പാടുവാൻ തുടങ്ങി. ഞാൻ ഉത്സാഹമായി പാടി. വാതിൽ തുറന്നു. അകത്തു പ്രവേശിച്ചു.

സ്വർഗ്ഗത്തിന്റെ കാഴ്ച്ച വർണ്ണനാതീതമാണ്. ഭൂമിയിലെ വാക്കുകളാൽ എനിക്ക് വർണ്ണിപ്പാനാവില്ല.

ഞാൻ പറഞ്ഞു: "കർത്താവേ നന്ദി. ഞാൻ അഹങ്കാരിയും തന്നിഷ്ടക്കാരനുമായതിനാൽ രോഗത്താൽ പിടിക്കപ്പെട്ടു. എന്നിട്ടും അവിടുന്ന് എന്നെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുവന്നു ഇതെല്ലാം കാണിക്കുന്നല്ലോ! നന്ദി. ഞാൻ ദൈവത്തിൽ നിന്നും ഒരു ശബ്ദം കേട്ടു."

"എന്റെ പ്രിയ പാസ്റ്റർ പാർക്ക് യോംഗ് ഗ്യൂ! ഞാൻ നിന്നെ സ്വീകരിക്കുന്നു. നിനക്ക് ഇവിടെയൊരു ദീർഘയാത്രയുണ്ട്."

സ്നേഹവും ആർദ്രതയും നിറഞ്ഞുകവിഞ്ഞതായിരുന്നു ആ ശബ്ദം. ഞാൻ പൊട്ടിക്കരഞ്ഞു നിലവിളിച്ചു, കർത്താവേ!

ദൂതൻ: "നീ 20 വർഷം ഒരു പാസ്റ്ററായിരുന്നിട്ടും ദൈവത്തിന്റെ തിരുവചനം അറിഞ്ഞുകൂടെയോ? സ്വർഗ്ഗത്തിൽ കണ്ണുനീരില്ല."

വെളിപ്പാട് 21:4 "അവിടുന്ന് അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ചുകളയും...."

ദൈവം എന്നോട് അഞ്ചു ചോദ്യങ്ങൾ ചോദിച്ചു (ദൈവം ഇതേ ചോദ്യം എല്ലാവരോടും ചോദിക്കുന്നു എന്ന് ഗ്രഹിച്ചുകൊൾക).

1. നീ എത്ര സമയം ബൈബിൾ വായിച്ചിട്ടുണ്ട്?

2. നീ എത്രമാത്രം വഴിപാടുകൾ (മലാഖി 3:8) അഥവാ മനപ്പൂർവ്വ ദാനങ്ങൾ അർപ്പിച്ചിട്ടുണ്ട്?

3. നീ എത്ര സമയം വ്യക്തികളോട് സുവിശേഷഘോഷണം നടത്തിയിട്ടുണ്ട്?

4. നീ കൃത്യമായി ദശാംശം നൽകിയിട്ടുണ്ടോ? (മലാഖി 3:8)

5. നീ എത്ര സമയം പ്രാർത്ഥനയിൽ ചിലവഴിച്ചിട്ടുണ്ട്?

എനിക്ക് അഞ്ചാമത്തെ ചോദ്യത്തിന് ഉത്തരം നൽകുവാൻ കഴിഞ്ഞില്ല. ദൈവം എന്നെ ശാസിച്ചു.

"നീ ഒരു വലിയ ചർച്ചിന്റെ പാസ്റ്ററായപ്പോൾ പ്രാർത്ഥനയിൽ അലസനായിത്തീർന്നു. നീ വളരെ തിരക്കേറിയവനായതു കൊണ്ട് പ്രാർത്ഥിപ്പാൻ കഴിഞ്ഞില്ല എന്ന വാദം ഞാൻ അംഗീകരിക്കുകയില്ല. ദൂതന്മാർ സ്വർഗ്ഗത്തിലും നരകത്തിലുമുള്ള അനേക സ്ഥലങ്ങൾ നിന്നെ കാണിക്കും. ശ്രദ്ധിച്ചു കാണുക. കണ്ടശേഷം അതെല്ലാം ലോകത്തിന് സാക്ഷിക്കുവാൻ നിന്നെ ഇവിടെ നിന്നും അയക്കും.

സ്വർഗ്ഗത്തിന്റെ മൂന്നു വിഭിന്ന സ്ഥലങ്ങൾ അവർ എന്നെ കാണിച്ചു.

1. കുഞ്ഞുങ്ങൾ ഒരുമിച്ചു പാർക്കുന്ന സ്ഥലം.

2. മുതിർന്ന ആളുകൾ പാർക്കുന്നയിടം

3. സ്വർഗ്ഗത്തിലെത്തിയെങ്കിലും യാതൊന്നും പുകഴ്ചയില്ലാതെ ലജ്ജിക്കപ്പെട്ടവരായി ജീവിക്കുന്നവർ താമസിക്കുന്ന ഇടം.

സ്വർഗ്ഗത്തിൽ അനേക ആത്മാക്കൾക്കും സ്വന്തമായി ഭവനങ്ങളുണ്ട്. യോഹ.14:2 "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്." എന്നാൽ ഭവനങ്ങളില്ലാത്ത ചിലരുണ്ട്. അത് പിന്നീട് പറയാം. കുഞ്ഞുങ്ങൾക്ക് സ്വന്തമായ ഭവനങ്ങൾ ഇല്ല.

ഞാൻ: കുഞ്ഞുങ്ങളും ആത്മാക്കളല്ലേ? പിന്നെ എന്താണ് അവർക്ക് ഭവനം ഇല്ലാത്തത്?

ദൂതൻ: ഭൂമിയിലുള്ള മനുഷ്യർക്ക് ഭവനനിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ ആവശ്യമെന്നതുപോലെ സ്വർഗ്ഗത്തിലേക്ക് പോകുന്ന നമുക്കും അവിടെ ഭവനം പണിയേണ്ടതിനാവശ്യമായ സാധനങ്ങൾ (materials) ആവശ്യമാണ്. ഒരു മനുഷ്യൻ സഭയെയും മറ്റുള്ളവരെയും കർത്താവിൽ വിശ്വസ്തരായി സേവിക്കുമെങ്കിൽ ആ നല്ല പ്രവർത്തികൾ അവന് സ്വർഗ്ഗത്തിൽ പണിയേണ്ട ഭവനത്തിനാവശ്യമായ സാധനങ്ങളായിത്തീരുന്നു. വീടുപണിക്കാവശ്യമായതെല്ലാം ഒരുക്കിക്കഴിയുമ്പോൾ ദുതന്മാർ അവർക്കായി ഒരുക്കിയ വീടിന്റെ പണി ആരംഭിക്കും. അവർ ഭൂമിയിൽ നിക്ഷേപിച്ചതിനനുസരിച്ചുള്ള മനോഹര ഭവനം സ്വർഗ്ഗത്തിൽ പണിയപ്പെടും. കുഞ്ഞുങ്ങൾക്ക് അത് സാധ്യമാകാത്തതുകൊണ്ട് അവർക്ക് ഭവനം അവിടെ പണിയുവാൻ കഴിയുകയില്ല. അവർക്ക് ഭൂമിയിൽ പ്രവർത്തിക്കുവാൻ സന്ദർഭമോ സമയമോ ലഭിക്കാത്തതുകൊണ്ട് അവർക്ക് പ്രതിഫലമോ, കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധനങ്ങളോ ഉണ്ടാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അവർക്ക് ഭവനങ്ങളില്ലാത്തത്.

**ഭൂമിയിലുള്ള മനുഷ്യർക്ക് ഭവനനിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ ആവശ്യമെന്നതുപോലെ സ്വർഗ്ഗത്തിലേക്ക് പോകുന്ന നമുക്കും അവിടെ ഭവനം പണിയേണ്ടതിനാവശ്യമായ സാധനങ്ങൾ ആവശ്യമാണ്. ഒരു മനുഷ്യൻ സഭയെയും മറ്റുള്ളവരെയും കർത്താവിൽ വിശ്വസ്തരായി സേവിക്കുമെങ്കിൽ ആ നല്ല പ്രവർത്തികൾ അവന് സ്വർഗ്ഗത്തിൽ പണിയേണ്ട ഭവനത്തിനാവശ്യമായ സാധനങ്ങളായിത്തീരുന്നു. വീടുപണിക്കാവശ്യമായതെല്ലാം ഒരുക്കിക്കഴിയുമ്പോൾ ദുതന്മാർ അവർക്കായി ഒരുക്കിയ വീടിന്റെ പണി ആരംഭിക്കും. അവർ ഭൂമിയിൽ നിക്ഷേപിച്ചതിനനുസരിച്ചുള്ള മനോഹര ഭവനം സ്വർഗ്ഗത്തിൽ പണിയപ്പെടും.**

ഞാൻ: "സ്വർഗ്ഗത്തിലെ എന്റെ ഭവന നിർമ്മാണത്തിന് ഞാൻ ഭൂമിയിൽ എന്തു ചെയ്യണം"?

ദൂതൻ: "സ്വർഗ്ഗത്തിൽ ഭവനം ലഭിക്കേണ്ടതിന് കെട്ടിടനിർമ്മാണത്തിനാവശ്യമായ ഏഴു കാര്യങ്ങൾ ചെയ്തിരിക്കണം.

ഒന്നാമതായി: എത്രമാത്രം സമയം ദൈവത്തിന് ആരാധനയും സ്തുതിയും അർപ്പിക്കുന്നുവോ അതിന്റെ അടിസ്ഥാനത്തിൽ

രണ്ടാമതായി: എത്ര സമയം ബൈബിൾ വായിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ

മൂന്നാമത്: എത്ര സമയം പ്രാർത്ഥിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ

നാലാമത്: എത്ര സമയം മറ്റുള്ളവരോട് സുവിശേഷം അറിയിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ

അഞ്ചാമത്: കർത്താവിന്റെ വേലയ്ക്ക് കൊടുത്ത മനപ്പൂർവ്വദാനങ്ങൾ

ആറാമത്: ദശാംശം കർത്താവിന് കൃത്യമായി കൊടുത്തതിനനുസരിച്ച്

ഏഴാമത്: സഭാകാര്യങ്ങളിൽ എത്രമാത്രം ഉത്സാഹമായി പങ്കെടുത്തു എന്നതിനനുസരിച്ച്

ഈ വക കാര്യങ്ങളോ പ്രവർത്തികളോ സ്വർഗ്ഗത്തിലെ ഭവന നിർമ്മാണത്തിനാവശ്യമായ മുതൽക്കൂട്ടായിരിക്കും. ഇതിലൊരാൾ വീഴ്ച വരുത്തിയാൽ അയാൾക്ക് അവിടെ ഭവനം നിർമ്മിക്കാനാവശ്യമായ സാധനങ്ങൾ നേടുവാനോ ഭവനനിർമ്മാണം ചെയ്യുവാനോ കഴിയുകയില്ല. സ്വർഗ്ഗത്തിൽ അനേകം ഭവനരഹിതരെ ഞാൻ കണ്ടു. പാസ്റ്റേഴ്സ്, ഡീക്കന്മാർ, വിശ്വാസികൾ എല്ലാവരും. ജിജ്ഞാസ മൂലം ഈ കുഞ്ഞുങ്ങൾ എവിടെ പാർക്കുന്നു എന്ന് ഞാൻ അന്വേഷിച്ചു.

ദൂതൻ: അവർ ഇവിടെ പാർക്കുന്നു. ഞാൻ നോക്കിയപ്പോൾ അവർ സ്വർഗ്ഗത്തിലെ മനോഹര പൂന്തോട്ടങ്ങളുടെ ഇടയിൽ പാർക്കുന്നതായി കണ്ടു. അവിടുത്തെ പൂന്തോട്ടങ്ങൾ അതിമനോഹരവും സുഗന്ധപൂരിതവുമാണ്.

**രണ്ടാമത്തെ സ്ഥാനം (Adults)**

രണ്ടാമത്തെ സ്ഥാനം കർത്താവിൽ വിശ്വസ്തരായി ജീവിക്കുന്ന മുതിർന്നവർക്കുള്ളതാണ്. രക്ഷയ്ക്കും പ്രതിഫലത്തിനും ഇവിടെ വ്യത്യാസമുണ്ട്. ഇവിടെ അനേക ഭവനങ്ങളുണ്ട്. വിലയേറിയ കല്ലുകൾ കൊണ്ടാണ് അനേകഭവനങ്ങളും പണിയപ്പെടുന്നത്. ചില ഭവനങ്ങൾ വളരെ ഉയർന്നതും മനോഹരങ്ങളായ സൗധങ്ങളാണ്. ഭൂമിയിൽവച്ച് കർത്താവിനോട് കൂടി വിശ്വസ്തരായി ജീവിച്ച അനേകർക്ക് ഇവിടെ അതിമനോഹരങ്ങളായ ഭവനങ്ങളുണ്ട്. ഇവിടെയുള്ള ആളുകളെ ഞാൻ ശ്രദ്ധിച്ചു. ഇവിടെയുള്ള ആളുകൾ 20-നും 30-നും മധ്യേ പ്രായമുള്ള യൗവ്വനയുക്തരായി കാണപ്പെടുന്നു. ഇവിടെ സ്ത്രീയോ പുരുഷനോ എന്ന ലിംഗവ്യത്യാസമില്ലാതെ, എല്ലാവരും ദൂതന്മാരേപ്പോലെയാണ്. ഇവിടെ രോഗമില്ല. വാർദ്ധക്യമില്ല. അംഗഹീനരില്ല. എനിക്കറിയാവുന്ന ഒരാളെ-അയാളുടെ പേര് "ഇമ്യൂംഗ്" അവിടെ കണ്ടു. അദ്ദേഹം 65 വയസ്സുള്ളപ്പോൾ മരിച്ചു. അദ്ദേഹം വളരെ ഉയരം കുറഞ്ഞ മനുഷ്യനായിരുന്നു. രണ്ടാംക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയുടെ ഉയരമേ ഉണ്ടായിരുന്നുള്ളു. റിക്കറ്റ്സ് എന്ന അപൂർവ്വ രോഗബാധിതനായിരുന്നു. എന്നാൽ വേദശാസ്ത്രത്തിൽ Ph.Dഎടുത്ത ആളായിരുന്നു. അദ്ദേഹം അനേകം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തെ ഞാൻ സ്വർഗ്ഗത്തിൽ കണ്ടു. ഇപ്പോളദ്ദേഹം ഒത്തനീളവും സൗന്ദര്യവും ആരോഗ്യവുമുള്ള ചെറുപ്പക്കാരനായിരിക്കുന്നു. നല്ല ആരോഗ്യവാൻ. സ്വർഗ്ഗം വളരെ അത്ഭുതകരമായ സ്ഥലമാണ്. ഞാൻ വലിയ പ്രതീക്ഷയിൽ നിറഞ്ഞു. ഞാൻ പറഞ്ഞത് സത്യമാണ്.

**മൂന്നാമത്തെ ഭാഗം**

അവർ രക്ഷിക്കപ്പെട്ടവരെങ്കിലും ലജ്ജിതരായി പ്രവേശിച്ചവരാണ്. 1 കൊരി.3:12-15 വരെ വായിക്കുക. "യേശുക്രിസ്തു എന്ന ഇട്ടുകഴിഞ്ഞ അടിസ്ഥാനത്തിലല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും സാധ്യമല്ല. ഈ അടിസ്ഥാനത്തിന്മേൽ സ്വർണ്ണം, വെള്ളി, രത്നം, തടി, പുല്ല്, വൈയ്ക്കോൽ എന്നിവ ഉപയോഗിച്ച് ആരെങ്കിലും പണിതാൽ അയാളുടെ പണി വെളിപ്പെട്ടു വരും. ആ ദിവസം അതിനെ വെളിച്ചത്താക്കും. അത് തീയോടെ വെളിപ്പെടുകയും ഓരോരുത്തന്റെ പ്രവർത്തി ഏതു വിധത്തിലുള്ളതെന്ന് തീ തന്നെ പരിശോധിക്കുകയും ചെയ്യും. ഒരാൾ പണിതത് നിലനിന്നാൽ അയാൾക്ക് പ്രതിഫലം ലഭിക്കും. അത് എരിഞ്ഞു പോയാലോ അയാൾക്ക് നഷ്ടം സഹിക്കേണ്ടി വരും. അയാളോ തീയിലൂടെ എന്നപോലെ രക്ഷപെടും. ഈ ഭാഗം വളരെ വിസ്തൃതമാണ്. രണ്ടാം ഭാഗത്തേക്കാൾ ഏറെ വലുതാണ്. ഞാനൊരു സ്വർണ്ണത്തേരിൽ കയറി ആ ഭാഗത്തെത്തി.

ഞാൻ: ഇവിടെ വിശാല മരുഭൂമിയും പാടങ്ങളും കാണുന്നല്ലോ. ഇവിടെയെന്തുകൊണ്ട് ഭവനങ്ങൾ കാണുന്നില്ല.

ദൂതൻ: നോക്കൂ! നീ കാണുന്നത് അവരുടെ ഭവനങ്ങളാണ്. വളരെ വിസ്തൃതമായ ഫ്ളാറ്റുകളായ വീടുകൾ; വലിയ കോഴിക്കൂടു പോലെ, അല്ലങ്കിൽ വിസ്തൃതമായ വെയർഹൗസുകളേപ്പോലെയുള്ളവ. ഈ ഭവനങ്ങൾ മഹത്വമേറിയവയല്ല; ഈ വില്ലേജുകളും വീടുകളും ലജ്ജാകരമായി തീർന്നവർക്കുള്ളതാണ്. വളരെ വിസ്തൃതമായ ശുചിത്വമില്ലാത്ത ഫ്ളാറ്റുകൾ.

ദൂതൻ: നിന്റെ വലത്തുഭാഗത്തും ഇടത്തുഭാഗത്തും രണ്ടു വീടുകൾ കാണുന്നില്ലേ?

ഞാൻ: "അതേ ഞാൻ കാണുന്നു".

ദൂതൻ: "ഈ രണ്ടു വീടുകളും നിന്നെ പ്രത്യേകമായി കാണിക്കുവാൻ ആഗ്രഹിക്കുന്നു. വലത്തു ഭാഗത്തു കാണുന്ന ഭവനങ്ങൾ ഭൂമിയിൽ വിശ്വസ്തരായി ജീവിച്ച പാസ്റ്റർമാർക്ക്. ഇടത്തുഭാഗത്തു കാണുന്നത് വിശ്വസ്തരായ വിശ്വാസികൾക്കും". ഈ രണ്ടു ഭവനങ്ങളുടെയും മുമ്പിൽ ചെന്നു നോക്കി.

ഞാൻ കുതിച്ചു ചാടി അതിന്റെ വാതിൽ തുറന്നപ്പോൾ മുമ്പു കണ്ട കോഴിക്കൂടു സമാനമല്ല; ആയിരക്കണക്കിനാളുകൾ പാർക്കുന്ന ഇടം; അവിടെ അനേക ആത്മാക്കളെ കണ്ടു. ശ്രദ്ധിച്ചു നോക്കിയപ്പോൾ ചരിത്രത്തിൽ അറിയപ്പെടുന്ന അനേകം പാസ്റ്റർമാരെ ഞാൻ തിരിച്ചറിഞ്ഞു. ഞാനൊരു പാസ്റ്ററെ തിരഞ്ഞെടുത്തു. എനിക്ക് ആ പാസ്റ്ററെ അറിയാം. അദ്ദേഹം എത്രമാത്രം പ്രശസ്തനായിരുന്നു. വളരെ കർത്താവിന് വേണ്ടി അധ്വാനിച്ച ആളായിരുന്നു. അദ്ദേഹം എങ്ങനെ ഇവിടെ വന്നു? എനിക്ക് മനസ്സിലാകുന്നില്ല.

ദൂതൻ: "അദ്ദേഹം ഭൂമിയിലായിരുന്നപ്പോൾ സ്വർഗ്ഗീയ ഭവനത്തിന് വേണ്ടിയ സാധനങ്ങൾ ഒരുക്കിയിരുന്നില്ല. അതുകൊണ്ടാണ് ഈ കൺട്രി ഹോമിൽ പാർക്കുന്നത്."

ഞാൻ: (ജിജ്ഞാസയോടെ) "ഇതെങ്ങനെ സംഭവിച്ചു? എന്തു കൊണ്ട് അദ്ദേഹത്തിന് സ്വർഗ്ഗീയ ഭവനത്തിനാവശ്യമായ സാധനങ്ങൾ സംഭരിക്കുവാൻ കഴിഞ്ഞില്ല?"

ദൂതൻ: "അദ്ദേഹം ഭൂമിയിലായിരുന്നപ്പോൾ പാസ്റ്ററായി നിർവ്വഹിച്ച എല്ലാ കാര്യങ്ങളും ജനത്തിന്റെ പ്രശംസയ്ക്കുവേണ്ടി മാത്രമായിരുന്നു. മറ്റുള്ളവർ തന്നെ ബഹുമാനിക്കണം എന്നതിൽ താല്പര്യപ്പെട്ടു. മറ്റുള്ളവർ തന്നെ ശുശ്രൂഷിക്കുന്നതിൽ സന്തുഷ്ടനായി. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു ത്യാഗവും ശുശ്രൂഷാ മനോഭാവവും ഇല്ലായിരുന്നു." ഈ പാസ്റ്റർ കൊറിയൻ ചരിത്രത്തിൽ വളരെ പ്രശസ്തി നേടിയ വ്യക്തിയായിരുന്നു. എന്നാൽ അദ്ദേഹത്തിന് പ്രതിഫലമില്ല.

പ്രിയ പാസ്റ്ററേ, ദൈവജനമേ, ദയവായി ശ്രദ്ധിക്കുക, നിങ്ങൾക്ക് ജനങ്ങളെ ആരാധനയിൽ നയിക്കുന്നതിലേറെ ഉത്തരവാദിത്വമുണ്ട്. അവരുടെ വീടുകൾ സന്ദർശിക്കുക; അനാഥരുടെയും പ്രായമുള്ളവരുടെയും സംരക്ഷണം ഏറ്റെടുക്കണം. ത്യാഗപരമായി ജീവിക്കാതെയും, മറ്റുള്ളവരുടെ പ്രശംസ ആഗ്രഹിക്കുന്നവർക്കും സ്വർഗ്ഗത്തിൽ പ്രതിഫലമില്ല. (മത്തായി 23:5-12)

*(രണ്ടാം ഭാഗം അടുത്തലക്കത്തിൽ)*

# വെട്ടിയാറ്റ് ചെറിയാച്ചന്റെ ഓർമ്മകളുമായി പ്രിയ പുത്രൻ




**അമേരിക്കൻ താൾ**

**ജീവിതം കർത്താവിനും വസ്തുവകകൾ ഐ.പി.സിക്കും നൽകിയ ഭക്തനായ ദൈവദാസൻ വെട്ടിയാറ്റ് ചെറിയാച്ചൻ എന്ന പാസ്റ്റർ കെ.സി ചെറിയാന്റെ രണ്ട് പുത്രന്മാർ ഹൂസ്റ്റണിൽ താമസിക്കുന്നു. ബ്രദർ. ഏബ്രഹാം ചെറിയാനും, റവ. ഡോ. ജോൺ ചെറിയാനും.**



*വെട്ടിയാറ്റ് ചെറിയാച്ചനും ഭാര്യ റാഹേലമ്മയുടും*



*വെട്ടിയാറ്റ് ചെറിയാച്ചന്റെ മൂത്തമകൻ ഏബ്രഹാം ചെറിയാനും ഭാര്യ മറിയാമ്മയും*

മാവേലിക്കര അറുനൂറ്റിമംഗലത്ത് സി.എസ്.ഐ കുടുംബത്തിൽ കോശി മറിയാമ്മ ദമ്പതികളുടെ മകനായി 1898 ഏപ്രിൽ 3ന് ചെറിയാൻ ജനിച്ചു. ബാല്യത്തിൽ മാതാവ് മരണമടയുകയും രണ്ടാനമ്മയിൽ നിന്ന് പീഢനങ്ങൾ ഏറ്റുവാങ്ങേണ്ടി വരികയും ചെയ്ത അരക്ഷിതമായ ജീവിതമായിരുന്നു ചെറിയാന്റെ ജീവിതാരംഭകാലം. പതിനാറുവയസ്സുവരെ വീട്ടിൽ പിടിച്ചുനിന്നെങ്കിലും പിന്നീട് നാടുവിട്ട് കുമളിയിലെത്തി. ഒരു എസ്റ്റേറ്റിൽ ജോലിക്ക് കയറി. പിന്നീട് പത്തനാപുരത്ത് ജോലി ചെയ്യവേയാണ് ചെറിയാച്ചന്റെ ജീവിത ഗതിയെ തിരിച്ചുവിട്ട രക്ഷാനിർണ്ണയ അനുഭവം ഉണ്ടാകുന്നത്. സാധുസുന്ദർസിംഗിന്റെ പ്രസംഗം കേട്ട് യേശുവിനായി ജീവിതം സമർപ്പിക്കുകയായിരുന്നു.

രക്ഷിക്കപ്പെട്ടതോടെ ജോലി ഉപേക്ഷിച്ച് സുവിശേഷവേല ചെയ്യുവാൻ തീരുമാനിച്ചു. അക്കാലത്ത് പാസ്റ്റർ കെ.ഇ ഏബ്രഹാമിനെ കണ്ടുമുട്ടുകയും അദ്ദേഹത്തോടുകൂടെ താമസം ആരംഭിക്കുകയും ചെയ്തു. കെ.ഇ ഏബ്രഹാമിനും ഉത്സാഹിയും കഠിനാധ്വാനിയുമായ ചെറിയാച്ചനെന്ന യുവാവിനെ ഇഷ്ടമായി. വചനത്തിന്റേയും സുവിശേഷവേലയുടേയും ബാലപാഠങ്ങൾ ഉണ്ണൂണ്ണി സാറിൽ നിന്നും കരസ്ഥമാക്കിയ കെ.സി ചെറിയാൻ അതിവേഗം സമർപ്പണമുള്ള സുവിശേഷകനായി മാറി.

അറുനൂറ്റിമംഗലത്ത് ജനിച്ച ചെറിയാച്ചൻ പിൽക്കാലത്ത് വെട്ടിയാറ്റ് ചെറിയാച്ചനായി അറിയപ്പെട്ടതിനു പിന്നിൽ വേറൊരു കഥയുണ്ട്. 1924-ൽ കെ.ഇ ഏബ്രഹാം തന്നെയാണ് ചെറിയാച്ചന്റെ വിവാഹം നടത്തികൊടുക്കുന്നത്. കെ.ഇ ഏബ്രഹാം നടത്തിയ ആദ്യ വിവാഹമാണിത്. ഈ വിവാഹം നടത്തുന്നതിന് വേണ്ടിയാണ് ആദ്യമായി വിവാഹ രജിസ്റ്റർ പ്രിന്റ് ചെയ്തത്.

വെട്ടിയാറ്റ് കാവിൽ യോനാച്ചൻ അക്കാലത്തെ പ്രമുഖ പെന്തെക്കോസ്തു വിശ്വസിയാണ്. (ഇദ്ദേഹത്തിന്റെ മകനാണ് പാസ്റ്റർ കെ.ജെ സാമുവൽ) യോനാച്ചന്റെ മകൾ റാഹേലമ്മയെക്കൊണ്ട് ചെറിയാച്ചനെ വിവാഹം കഴിപ്പിക്കാമെന്ന കെ.ഇ ഏബ്രഹാമിന്റെ ആലോചന യോനാച്ചൻ അംഗീകരിച്ചു. അങ്ങനെ റാഹേലമ്മ ചെറിയാച്ചന്റെ ജീവിതസഖിയായി. 16-ാം വയസ്സിൽ വീടുവിട്ടിറങ്ങിയ ചെറിയാച്ചന് വീടോ സ്ഥലമോ ഒന്നും ഇല്ലായിരുന്നു. നല്ല സാമ്പത്തിക സ്ഥിതി ഉണ്ടായിരുന്ന യോനാച്ചൻ അര ഏക്കർ പുരയിടവും ഒരു വീടും മരുമകന് എഴുതി നൽകി. അങ്ങനെ ചെറിയാച്ചൻ വെട്ടിയാറ്റ് താമസമാക്കി. അങ്ങനെയാണ് കെ.സി ചെറിയാൻ വെട്ടിയാറ്റ് ചെറിയാൻ എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങിയത് (ഐ.പി.സിയിൽ മറ്റൊരു കെ.സി ചെറിയാൻ ഉണ്ടായിരുന്നതിനാൽ തിരിച്ചറിയാൻ ഇപ്രകാരമൊരു പേരുമാറ്റം ആവശ്യമായിരുന്നിരിക്കാം).

ഐ.പി.സി ശുശ്രൂഷകൻ എന്ന നിലയിൽ ആദ്യത്തെ വേലസ്ഥലം മുവാറ്റുപുഴക്കടുത്ത് വാളകമായിരുന്നു. ചേത്തക്കൽ ഗീവർഗിച്ചന്റെ നേതൃത്വത്തിലുള്ള ആ പ്രദേശത്ത് വേലക്ക് പോകാൻ തീരുമാനിച്ചപ്പോൾ ഭാര്യാ പിതാവിൽ നിന്ന് തനിക്ക് ലഭിച്ചതും ഭൂമിയിൽ തനിക്ക് ആകെയുള്ള സാമ്പാദ്യവുമായ അരയേക്കർ പുരയിടവും വീടും വിറ്റ് ആ തുക കെ.ഇ ഏബ്രഹാമിന്റെ കയ്യിൽ നൽകി. സാർ ആ തുക വാളകം സഭക്കുവേണ്ടി സെമിത്തേരി വാങ്ങാനായി ഉപയോഗപ്പെടുത്തി.

വാളകത്തിനുശേഷം കട്ടച്ചിറ, വെണ്മണി, വെട്ടിയാർ, ഐരാണിക്കുടി, മാന്തുക, ഇടപ്പോൺ, കീക്കൊഴൂർ, റാന്നി, വടശ്ശേരിക്കര, നെടുമൺ, വയലാ എന്നിവടങ്ങളിൽ സഭാ ശുശ്രൂഷ ചെയ്തു.

പെന്തെക്കോസ്തിന്റെ അടിസ്ഥാന പ്രമാണങ്ങൾക്കും മൂല്യങ്ങൾക്കും വേണ്ടി നിലകൊണ്ട ഈ ദൈവദാസൻ ജീവിതത്തിലൊരിക്കലും മരുന്നുപയോഗിച്ചിട്ടില്ല. വടശ്ശേരിക്കരയിൽ താമസിക്കുന്ന കാലത്ത് രക്തവാതം എന്ന രോഗം ബാധിച്ച് ശരീരമാസകലം വൃണങ്ങളുണ്ടായി. രോഗം കഠിനമായതോടെ സഭാ ശുശ്രൂഷയിൽ നിന്ന് മാറി നിന്നു. പട്ടിണിയുടേയും കഷ്ടതയുടേയും ആ നാളുകളിൽ വാടക വീടിന്റെ കുഞ്ഞ് മുറിയിൽ കിടന്ന് ആ ദൈവദാസൻ ഇപ്രകാരം പ്രാർത്ഥിച്ചു. "ദൈവമേ ഒന്നുകിൽ എനിക്ക് രോഗസൗഖ്യം തരണം അല്ലെങ്കിൽ നിന്റെ സന്നിധിയിലേക്ക് വിളിക്കണം".

അന്ന് രാത്രി കഠിനമായ പനി വന്നു. ആ മുറിക്കകത്തേക്ക് പ്രവേശിക്കുന്നവർക്ക് പോലും ചൂടനുഭവപ്പെടുന്ന തരം കഠിന ജ്വരം. തുടർന്ന് അബോധാവസ്ഥയിലെന്ന പോലെ ഉറങ്ങി. പിറ്റേന്ന് എഴുന്നേറ്റപ്പോൾ ശരീരമാസകലം ഉണ്ടായിരുന്ന പഴുത്തളിഞ്ഞ വൃണങ്ങൾ കരിഞ്ഞ് പൊറ്റൻ പിടിച്ച് ഉണങ്ങിയിരുന്നു. പിറ്റേ ദിവസം പുഴയിൽ ഇറങ്ങി ദീർഘനേരം മുങ്ങിക്കുളിച്ചു. ചെറു മത്സ്യങ്ങൾവന്ന് ശരീരത്തിലെ വൃണങ്ങളെല്ലാം കൊത്തിപ്പറിച്ചു. മൂന്ന് ദിവസം ഇത് തുടർച്ചയായി ചെയ്തു കഴിഞ്ഞപ്പോൾ കെ.സി ചെറിയാന്റെ ശരീരം പഴയതുപോലെ ഒരു പാടുപോലുമില്ലാത്ത ശിശുവിന്റെ ശരീരം പോലെ പൂർവ്വസ്ഥിതിയിലായി. പൊതുവെ നല്ല വെളുത്ത നിറമുണ്ടായിരുന്ന അദ്ദേഹം രോഗസൗഖ്യം പ്രാപിച്ച് കൂടുതൽ ശോഭയോടെ ശുശ്രൂഷയിൽ വ്യാപൃതനായി.

ഇയ്യോബിന് സംഭവിച്ചതുപോലെ ശരീരം മുഴുവൻ വൃണം ബാധിച്ചപ്പോൾ താൻ വസ്തുവിറ്റ് നൽകിയ ആ ആത്മീയ ഗുരു കെ.ഇ ഏബ്രഹാം സാർ പോലും തന്നെ തിരിഞ്ഞുനോക്കിയില്ലെന്നത് തന്നെ നിരാശനാക്കിയില്ല.

രോഗസൗഖ്യത്തെ തുടർന്ന് അടൂരിനടുത്ത് വയലായിൽ വാടക വീടെടുത്ത് പുതിയ പ്രവർത്തനം തുടങ്ങി. ജനൽ പോലുമില്ലാത്ത രണ്ടുമുറി വീട്ടിൽ രണ്ടു മക്കളോടൊപ്പം താമസിച്ച് 40 ദിവസത്തെ ഉപവാസ പ്രാർത്ഥനയോടെ ആരംഭിച്ച പ്രവർത്തനം വളരെവേഗം നല്ലൊരു സഭയായി മാറി. ഇതിനിടെ അമേരിക്കയിൽ പോയ ഭാര്യാസഹോദരൻ കെ.ജെ സാമുവൽ മടങ്ങി വന്ന് വയലായിൽ പെങ്ങളേയും അളിയനേയും കാണുവാനെത്തി. അവരുടെ ശോചനീയമായ താമസസൗകര്യം കണ്ട് അദ്ദേഹം ഒരു വീടും സ്ഥലവും വാങ്ങി നൽകാൻ തയ്യാറായി. എന്നാൽ അതറിഞ്ഞ ചെറിയാച്ചന്റെ പ്രതികരണം ഇപ്രകാരമായിരുന്നു.

"നിനക്കറിയുമോ ഞാൻ കടം കേറി മുടിഞ്ഞിട്ടല്ല ഈ വീട്ടിൽ പാർക്കുന്നത്. എന്റെ വീടും സ്ഥലവും കർത്താവിന്റെ വേലക്ക് നൽകിയതാണ്. ഇനി എന്റെ ജീവിത കാലത്ത് എനിക്കതിന്റെ ആവശ്യമില്ല. ഏതായാലും നീ വീടുവാങ്ങുന്നതിന് പകരം ആ തുക മുടക്കി ഇവിടെ ഒരു സഭാ ഹാൾ പണിയാം".

അങ്ങനെ ടി.ജി ഉമ്മന്റെ സഹായത്തോടെ 15 സെന്റ് സ്ഥലം വാങ്ങി കെ.ജെ സാമുവൽ നൽകിയ പണം കൊണ്ട് ഹോൾ പണിതു. വയല സഭക്ക് സെമിത്തേരി വാങ്ങാൻ പണം നൽകിയത് പാസ്റ്റർ പി.ജെ തോമസാണ് (ശാരോൻ തോമാച്ചൻ). പതിനഞ്ചുവർഷത്തോളം വയലായിൽ ശുശ്രൂഷിച്ചു. ക്ഷീണിതനായതോടെ സഭാ ശുശ്രൂഷ അവസാനിപ്പിച്ചു. തുടർന്ന് ഇ.സി ജോർജ് ആ സഭയുടെ ശുശ്രൂഷ ഏറ്റെടുത്തു.

സഭാ ശുശ്രൂഷവിട്ടെങ്കിലും പറക്കോട് വീട് വാടകക്കെടുത്ത് താമസിച്ചു. ഒരു ഹൈന്ദവന്റെ 11 മുറിയുള്ള വീടായിരുന്നു അത്. പിൽക്കാ

(ശേഷം പേജ് 10 ൽ)




കൊച്ചിയിൽ എത്തുമ്പോൾ സ്വന്തം വീടുപോലെ പാർക്കുവാൻ ഒരിടം

- കൊച്ചിയുടെ ഹൃദയഭാഗമായ പാലാരിവട്ടത്ത്
- എയർകണ്ടീഷൻഡ് മുറികൾ
- ആധുനികവും ആർഭാട പൂർണ്ണവുമായ ഫർണിഷിംഗ്
- ഇലക്ട്രോണിക് ഉപകരണങ്ങൾ ഏറ്റവും മികച്ചത്
- അത്യാധുനിക സൗകര്യങ്ങൾ ഉള്ള അടുക്കള
- ബൈപാസിൽനിന്ന് 50 മീറ്റർ ദൂരം
- ബിസിനസ്/കുടുംബ സന്ദർശനങ്ങൾക്ക് അനുയോജ്യം
- വിദേശ മലയാളികൾക്ക് പ്രത്യേക പരിഗണന
- ഹോട്ടലുകളേക്കാൾ ആദായകരം
- വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം



1000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം 2 ബെഡ്റൂം, ഹാൾ, കിച്ചൺ

GILEAD

ഗിലയാദ് ഫർണിഷ്ഡ് അപ്പാർട്ട്മെന്റ്സ് & ട്രാവൽസ്
Gilead Furnished Apartments & Travels
UAE: Off: +971 6 5733114, Mobile: 971 50 634 6534
India: +91 9048 148 048 / 98471 99 816 / 944 64 54 393
E-mail: gileadtravels@gmail.com, sco@eim.ae
Website: www.gileadfurnishedapartments.com

VEHICLE WITH DRIVER ALSO AVAILABLE



പെർത്ത് റിവൈവൽ ചർച്ച്
(Perth Revival Church)



P O BOX. 217, Cannington, Western Australia - 6107.
Reg. No. A1014094B
പരിശുദ്ധാത്മ നിറവിലുള്ള ആരാധനയും ആഴത്തിലുള്ള ദൈവ വചന ശുശ്രൂഷയും കൃപാവര ശുശ്രൂഷയും ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക

Worship Details

| Sunday Malayalam/English Service | Sunday Hindi/English Worship Service |
| --- | --- |
| **Sunday School:** 9:30am – 10: 30am<br>**Worship Time:** 10:30am – 12:30 pm<br>**Venue:** Riverside Community School Auditorium<br>27 Colombo Street, Victoria Park, Western Australia. 6100. | **Time:** 5:00 pm - 7:00 pm<br>**Venue:** 2nd Memorial Avenue, Harold Hawthorne Centre, Carlisle, WA 6101. |

Friday Cottage Meeting from **7:30pm – 9:00 pm** (at different believer's homes)
**Website:** www.prcau.org
**Contact: Pr. James John (+61421152228, +61861616093)**

### കോട്ടയത്തെ സുവിശേഷവേലയുടെ മധുര സ്മരണകളിൽ

# ആലുംമൂട്ടിൽ അമ്മച്ചി

**ആദ്യ പരസ്യയോഗം കഴിഞ്ഞ് 40 വർഷത്തിനുശേഷം ഒരു സഹോദരിയുമായി സംസാരിക്കുമ്പോൾ അവർ പറഞ്ഞു. ഞാൻ അമ്മച്ചിയുടെ പ്രസംഗം കേട്ടാ രക്ഷിക്കപ്പെട്ടത്.**



വീടുതോറും കയറിയിറങ്ങി ട്രാക്റ്റ് കൊടുക്കുക, ആശുപത്രികളിൽ നിരന്തരം സന്ദർശിച്ച് രോഗികൾക്കായി പ്രാർത്ഥിക്കുക, ദൈവവചനം പറയുക, കിട്ടുന്ന അവസരങ്ങളിലെല്ലാം പരസ്യ യോഗങ്ങളിൽ അനുഭവസാക്ഷ്യവും ദൈവവചനവും പറയുക. ഏതെങ്കിലുമൊരു സുവിശേഷകന്റേയോ ഉപദേശിയുടേയോ കാര്യമാണീ പറയുന്നതെന്ന് ധരിച്ചെങ്കിൽ തെറ്റി. കോട്ടയം ആലുംമൂട്ടിൽ അന്നമ്മ വർഗീസ് എന്ന അമ്മച്ചി 75-ാം വയസ്സുവരെ മുടക്കം കൂടാതെ ചെയ്ത കാര്യങ്ങളാണിത്. ഇപ്പോൾ മകൻ പാസ്റ്റർ ഫിന്നി ആലുംമൂട്ടിലിനോടൊപ്പം ഹൂസ്റ്റണിൽ താമസിക്കുമ്പോഴും പഴയ സുവിശേഷ പ്രവർത്തനങ്ങളുടെ മധുര സ്മരണയിലാണ് അമ്മച്ചി. സി.എസ്.ഐ വിശ്വാസത്തിൽ നിന്ന് പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച ഭർത്താവ് വർഗീസിനോടൊപ്പം കഞ്ഞിക്കുഴി ഫിലദൽഫിയാ സഭയിൽ ഒരു യോഗത്തിന് പോയതാണ് അന്നമ്മയുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയത്. പാസ്റ്റർ പി.എം ഫിലിപ്പിന്റെ റോമാലേഖനം 10:9-10 വാക്യങ്ങൾ അടിസ്ഥാനമാക്കിയുള്ള പ്രസംഗത്തിന്റെ ഒടുവിൽ യേശുവിനെ കർത്താവ് എന്ന് വാ കൊണ്ട് ഏറ്റുപറഞ്ഞും ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്തു. അന്നുമുതൽ കർത്താവിന് വേണ്ടി ജീവിക്കുകയും സുവിശേഷവേല തന്റെ ദൗത്യമായി ഏറ്റെടുക്കുകയും ചെയ്തു.

പി.എം ഫിലിപ്പ് സാറും ഭാര്യ അമ്മിണി കൊച്ചമ്മയും ഹൃദയത്തിലേക്ക് പകർന്നു തന്നതാണ് സുവിശേഷ ആത്മാവ്. അവരോടൊപ്പം വീടുതോറും കയറിയിറങ്ങിയും ട്രാക്റ്റികൊടുത്തും പരസ്യയോഗം നടത്തിയും കോട്ടയം മുഴുവൻ ഓടി നടന്നു.

ആദ്യമായി പരസ്യയോഗത്തിൽ പ്രസംഗിച്ചത് ഇന്നും മറക്കാത്ത അനുഭവമാണ്. കോട്ടയം - കൊല്ലാട് ഭാഗത്ത് പുഴയോരത്തുള്ള ഒരു വരമ്പിൽ നിന്നാണ് പരസ്യയോഗ പ്രസംഗം. പാസ്റ്റർ പി.എം ഫിലിപ്പ് ഉൾപ്പെടെ നാലഞ്ചുപേരേ അന്ന് പരസ്യയോഗത്തിനുള്ളൂ. ഫിലിപ്പ് സാർ അന്നമ്മയോട് സംസാരിക്കുവാൻ ആവശ്യപ്പെട്ടു. അന്നമ്മ ചുറ്റും നോക്കി അടുത്ത വരമ്പിലിരുന്ന് ചൂണ്ടയിടുന്ന രണ്ട് പേർ മാത്രമാണ് കേഴ്വിക്കാർ. ധൈര്യത്തോടെ സാക്ഷ്യം പറഞ്ഞ് ദൈവാലോചന അറിയിച്ചു. ഇതാണ് ആദ്യത്തെ പരസ്യയോഗ പ്രസംഗം. അന്നൊക്കെ സഭായോഗം കഴിഞ്ഞാൽ പരസ്യയോഗം പതിവാണ്. കോട്ടയം ഭാഗത്തെ ഒട്ടുമിക്ക കവലകളിലും പരസ്യയോഗങ്ങളിൽ നിരവധിതവണ സംസാരിക്കുവാൻ അങ്ങനെ അവസരം ലഭിച്ചു.

ആദ്യ പരസ്യയോഗം കഴിഞ്ഞ് 40 വർഷത്തിനുശേഷം ഒരു സഹോദരിയുമായി സംസാരിക്കുമ്പോൾ അവർ പറഞ്ഞു. ഞാൻ അമ്മച്ചിയുടെ പ്രസംഗം കേട്ടാ രക്ഷിക്കപ്പെട്ടത്. കഥയുടെ ചുരുക്കമിതാണ്. കൊല്ലാട്ട് വരമ്പത്ത് നിന്ന് ജീവിതത്തിലാദ്യമായി പരസ്യയോഗ പ്രസംഗം നടത്തിയപ്പോൾ തൊട്ടടുത്ത വീടിന്റെ വരാന്തയിൽ ഇരുന്ന് ഈ സഹോദരി ആ പ്രസംഗം കേൾക്കുകയായിരുന്നു. അന്ന് പ്രസംഗം അവസാനിപ്പിച്ചപ്പോൾ അവൾ യേശുവിന് ഹൃദയം കൊടുത്തു. 40 വർഷങ്ങൾക്ക് ശേഷമാണ് അന്നമ്മ തന്റെ പ്രസംഗത്തിന്റെ ഫലം നേരിൽ കണ്ടത്.

പരസ്യയോഗം പോലെതന്നെ അന്നമ്മയുടെ മറ്റൊരു പ്രവർത്തന മേഖല ആശുപത്രികളായിരുന്നു. കോട്ടയത്തെ എല്ലാ ആശുപത്രികളിലും കയറിയിറങ്ങി രോഗികളെ സന്ദർശിക്കും. മെഡിക്കൽ കോളജിലെ ടിബി വാർഡും ക്യാൻസർ വാർഡുമാണ് ഏറ്റവും കൂടുതൽ തവണ സന്ദർശിച്ചിട്ടുള്ളത്. കോടുകുളഞ്ഞി ജോർജ് സാറും ഭാര്യ പെണ്ണമ്മയുമാണ് ആശുപത്രിയിലെ പ്രവർത്തനത്തിലേക്ക് അന്നമ്മയെ പ്രോത്സാഹിപ്പിച്ചത്.

സുവിശേഷ വിരോധികളുടെ എതിർപ്പും അന്നമ്മക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. ഒരിക്കൽ സഹോദരിമാർ മാത്രം ഭവന സന്ദർശനം നടത്തി ശേഷം മടങ്ങി വരുമ്പോൾ തിരുവഞ്ചൂർ നീറിക്കാട് കവലയിൽ ഒരു മദ്യപനായ മനുഷ്യൻ കയ്യിൽ വലിയൊരു വടിയുമായി തടഞ്ഞു നിർത്തി. ദീർഘനേരം അയാൾ വഴി തടഞ്ഞ് നിന്നു. പിന്നീടാണ് അയാളെ പ്രകോപിപ്പിച്ച വിഷയം മനസിലായത്. അയാളുടെ ഭാര്യ ഗൾഫിൽ വെച്ച് രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടു. അതിന്റെ വാശിക്കാണ് അയാൾ ഞങ്ങൾക്കെതിരെ അക്രമത്തിനൊരുങ്ങിയത്. എന്നാൽ വടി ഉയർത്തുവാൻ പോലും സാധിക്കാതെ ദൈവം അയാളെ തടഞ്ഞു.

ഒരിക്കൽ സുവിശേഷവേലക്കിടയിൽ വലിയൊരു അപകടത്തിൽ നിന്ന് ദൈവം പരിപാലിച്ച അനുഭവമുണ്ട്. കോട്ടയം പാറേക്കവലയിലേക്ക് പെട്ടന്ന് കയറുവാൻ അന്നമ്മ റയിൽവേ ട്രാക്കിലൂടെ നടന്നു. ഇരുവശവും വലിയ കൊക്ക പോലെ താഴ്ചയാണ്. കുറച്ചു ദൂരം മുൻപോട്ടു നടന്നാൽ റയിൽവേ ക്രോസിലെത്താം. പക്ഷെ പെട്ടെന്ന് ശക്തമായ ശബ്ദത്തോടെ ട്രയിൻ ഇരമ്പിയെത്തി. ഭയന്ന് നിശ്ചലമായി പാളത്തിൽ നിന്നുപോയതാണ്. പക്ഷെ എങ്ങനെയെന്ന് ഇന്നും അറിയില്ല. ട്രെയിൻ എത്തുന്നതിന് മുൻപേ റെയിൽവേ ക്രോസിലേക്ക് എന്നെ എടുത്തുവെച്ചതുപോലെ ദൈവം രക്ഷിച്ചു.

കഞ്ഞിക്കുഴി കവലയിൽ നാലുവശത്തുനിന്നും വാഹനങ്ങൾ കുതിച്ചെത്തുന്ന നാൽക്കവലയിൽ ഒരിക്കൽ വീണുപോയി. പെട്ടന്ന് എങ്ങുനിന്നോ ഒരാൾ ഓടിയെത്തി എഴുന്നേൽപ്പിച്ച് രക്ഷപെടുത്തിയ അനുഭവവും മറക്കാനാവില്ല.

മക്കൾ സ്കൂളിൽ പോയിക്കഴിഞ്ഞാൽ കഞ്ഞിക്കുഴി കവലയിലെ വീട്ടിൽ മറ്റു ചില സഹോദരിമാരോടൊപ്പം എല്ലാ ദിവസവും മണിക്കൂറുകൾ പ്രാർത്ഥിക്കുമായിരുന്നു. സുവിശേഷ പ്രവർത്തനത്തിൽ വ്യാപൃതയാകുന്നതായിരുന്നു ജീവിതത്തിലെ ഏറ്റവും ആനന്ദകരമായ കാര്യം.

മകൻ ഫിന്നി ഐ.പി.സി യുടെ ട്രഷാററൊക്കെ ആയത് ദൈവം നൽകിയ മാന്യതയായാണ് ഈ അമ്മച്ചി കണക്കാക്കുന്നത്. രണ്ട് ആൺമക്കളിൽ മൂത്തമകൻ കഴിഞ്ഞ വർഷം നിര്യാതനായി. മൂന്ന് പെൺമക്കളിൽ ഒരാൾ കൊല്ലത്തും മറ്റു രണ്ടുപേർ അമേരിക്കയിലുമാണ്. ഇനിയുള്ള ജീവിതത്തിൽ എന്താണാഗ്രഹം എന്നും ചോദിച്ചാൽ "ഒരാളോടെങ്കിലും സുവിശേഷം പറയണം, ഒരു ട്രാക്റ്റെങ്കിലും കൊടുക്കണം" എന്നാണമ്മച്ചിയുടെ മറുപടി.


Study@ Bangalore Australia & Canada

Eben-Ezer College of International Business Studies -BANGALORE







» Diploma in Hospitality (Australian Degree)
Brinbane North Institute of TAFEE - Queensland
Brisbane North INSTITUTE OF TAFE

Course Details
Duration : 12 Months, Full Time
Eben-Ezer Campus Bangalore
Intake: June
Accademic Requirements:
- Grade 12 (10+2) Minimum 50%

Outcome
DNIT's Diploma Programs also offer established direct entry pathways into Bachelor Degree programs at top Queensland universities with up to 1 year credit

» Diploma in Personal Supper Worker (Canadian Degree)
Loyalist College - Canada
LOYALIST

Duration : 2½ Years 1st semester in
Eben-Ezer Bangalore Campus & 4 semesters in Canads
Intake: May
Eligibility: Pass in 10+2 Minimum 60% average
English Level IELTS 6.0
(With no individual band below 5.5)

#19, Ebenezer Nagar, Hennur Bagalur Road, Kothanur, Bangalore - 560 077
Contact: 080 - 28444201 / 65654909
Mob: +91 98458 90178 / + 91 9740157249 / +91 9448840275
E-mail: ebenezerbir@yahoo.co.in | Web: www.ebenezerbir.org





യെരുശലേമിലേക്ക്




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ

എല്ലാ മാസവും ടൂറുകൾ

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ ▸▸ ഷോപ്പിംഗ് അവസരങ്ങൾ ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

ശ്രദ്ധേയമായ

▸▸ ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
▸▸ എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.

യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക

ഫോൺ: 0469 2634321/ 9847166994

കൂടുതൽ വിവരങ്ങൾക്ക്
MARUPPACHA, PLANTHOTTAM COMPLEX,
TIRUVALLA - 1, PHONE : 0469-2634321
Website : www.marupacha.com. E-mail : maruppacha@yahoo.com

**വിദേശത്ത് ജോലിക്ക് പോകുന്നവരുടെ**
എല്ലാ CERTIFICATESസും ATTESTATION / APOSTILLE ചെയ്യുന്നതിന് ബന്ധപ്പെടുക
**TRAWELLDAY IN TOURS & TRAVELS**
M.G. Road, Cochin - 15, Kerala.
Ph: 0484-6455636, 6005646, 2357007 Email: trawellday.cochin@gmail.com

# പി.വൈ.സി.ഡിക്ക് പുതിയ ഭാരവാഹികൾ



ഡാളസ്: ഡാളസിലും സമീപ പ്രദേശങ്ങളിലുമുള്ള വിവിധ പെന്തെക്കോസ്ത് സഭകളിൽ നിന്നുമുള്ള മലയാളി യുവജനങ്ങളുടെ പൊതു ഐക്യവേദിയായ പെന്തെക്കോസ്തൽ യൂത്ത് കോൺഫ്രൻസ് ഓഫ് ഡാളസിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. റവ.ഷിബു സാമുവേൽ (പ്രസിഡന്റ്), ആശിഷ് അലക്സാണ്ടർ (കോർഡിനേറ്റർ), മേബൽ തോമസ് (ട്രഷറാർ), ജോയൽ മാത്യു (അസോസിയേറ്റ് കോർഡിനേറ്റർ), ബ്യൂള മാത്യൂസ് (അസോസിയേറ്റ് ട്രഷറാർ), ജെയ് വർഗീസ് (സ്പോർട്സ് കോർഡിനേറ്റർ), ബെഞ്ചമിൻ വർഗീസ് (പബ്ലിസിറ്റി കോർഡിനേറ്റർ), ഷോൺ കുറിയാക്കോസ് (ആഡിറ്റർ), കമ്മറ്റി അംഗങ്ങളായി സിസ്റ്റർ എലൈൻ ജോർജ്ജ്, ഫിബി സാമുവേൽ, ഫിന്നി സാം, പവിൻ തോമസ്, പ്രിയ ജേക്കബ്, ഷൈൻ സാമുവേൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. 39-ലധികം പ്രാദേശിക സഭകളിലും നാല് ഔട്ട്സ്റ്റേഷനുകളിലുമായി പ്രവർത്തനം വ്യാപിച്ചു കിടക്കുന്ന പി.വൈ.സി.ഡി.യുടെ പ്രവർത്തോനോദ്ഘാടനം മാർച്ച് 30 ശനിയാഴ്ച ടെക്സാസ് ഗാർലന്റിലുള്ള ഫിലദെൽഫ്യാ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഡാളസ് സഭയിൽ നടക്കും.

# സാക്ഷാരത ക്ലാസ് ആരംഭിച്ചു



വാരണാസി(യു.പി): "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവനും ഭാഗ്യവാൻ" (വെളിപ്പാട് 1:3) എന്ന ദൈവ വചനം ആധാരമാക്കി 'ഏലിയോസ് മിനിസ്ട്രീസ് ഇന്ത്യാ'യുടെ നേതൃത്വത്തിൽ നിരക്ഷരരായ വിശ്വാസികൾക്കായി ക്ലാസുകൾ ആരംഭിച്ചു. പാസ്റ്റർ മാത്യു ജോൺ, അനു മാത്യു എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു.

## പ്രകാശനം ചെയ്തു



കായംകുളം: പാസ്റ്റർ ബി.മോനച്ചൻ എഴുതിയ *'ദൈവിക ന്യായവിധികൾ'* എന്ന ഗ്രന്ഥത്തിന്റെ ആറാം പതിപ്പ് ഐ.പി.സി. ആലപ്പുഴ ഈസ്റ്റ് സെന്റർ കൺവൻഷനിൽ പാസ്റ്റർ എം.വി.വർഗ്ഗീസ്, കെ.സി.തോമസിനു നൽകി പ്രകാശനം ചെയ്തു.

# സി.ഡി. പ്രകാശനം ചെയ്തു




കുമ്പനാട്: സുവി.കോശി തോമസിന്റെ ഞാൻ ഏകനല്ല എന്ന ഓഡിയോ സി.ഡി. ജനുവരി 16 ന് കുമ്പനാട് കൺവൻഷനിൽ പാസ്റ്റർ എം.പി.ജോർജ്ജുകുട്ടി പാസ്റ്റർ കെ.സി. തോമസിന് നൽകി പ്രകാശനം ചെയ്തു. ഇവാ.ജോൺസൻ പി.കെ. സംഗീത സംവിധാനം ചെയ്ത ഈ സി.ഡിയിൽ കെസ്റ്റർ, ഇമ്മാനുവേൽ, അഞ്ജു, വിൽസ്വരാജ്, അലക്സ്, മന്ന എന്നിവരാണ് ഗായകർ. ഫോൺ: 9961383962.

## സുവിശേഷ പ്രവർത്തനം

പത്തനംതിട്ട: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പത്തനംതിട്ട ഡിസ്ട്രിക്റ്റ് സോദരീ സമാജം ഭവനസന്ദർശനവും സുവിശേഷീകരണ പ്രവർത്തനവും ഫെബ്രുവരി 12 ന് നാരങ്ങാനം സഭ കേന്ദ്രീകരിച്ച് നടന്നു. പാസ്റ്റർ വി.ജെ.തോമസ് സന്ദേശം നൽകി. ഡിസ്ട്രിക്റ്റ് പ്രസിഡന്റ് സിസ്റ്റർ ജോളി തോമസ്, സെക്രട്ടറി ഗ്രേസി ജോൺ എന്നിവർ നേതൃത്വം നൽകി.

## സി.സി.വൈ.എം. ഭാരവാഹികൾ

കല്ലിശ്ശേരി: എച്ച്.എം.ഐ. യുവജന വിഭാഗമായ സി.സി.വൈ.എം. സംസ്ഥാന സമിതി ഭാരവാഹികളായി സിസ്റ്റർ ലിസാമോൾ സുബി (പ്രസിഡന്റ്), റോണി മാത്യു (വൈസ് പ്രസിഡന്റ്), ജിന്നി ശാമുവൽ തോമസ് (സെക്രട്ടറി), രതീഷ് എസ് (ജോ. സെക്രട്ടറി), ശീമോൻ എസ് (ട്രഷറർ), ബീനാ രാജു (അസ്സോ. ട്രഷറർ), ഷിജു സി.വി. (താലന്ത്), വിപിൻ എം. ഈശോ (ഇവാഞ്ചലിസം), ബിബിൻ കെ ജോസഫ് (ചാരിറ്റി), അനൂപ് ജോർജ്ജ് (പ്രോഗ്രാം), ബിനോയ് എസ് (പബ്ലിസിറ്റി) കൂടാതെ കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു. കോ-ഓർഡിനേറ്റർ ആയി ജോൺ പി. തോമസ് വെണ്ണിക്കുളവും അസ്സോ. കോ-ഓർഡിനേറ്ററായി ഇവാ. ടൈറ്റസ് മത്തായിയും പ്രവർത്തിക്കുന്നു.

## കൺവൻഷൻ

**തിരുവനന്തപുരം:** ഐ.പി.സി.വിഴിഞ്ഞം ഏരിയായുടെ പ്രഥമ വാർഷിക കൺവൻഷൻ ഫെബ്രുവരി 8-10 വരെ നടന്നു. പാസ്റ്റർ പി.എം. ജോൺസൺ ഉദ്ഘാടനം ചെയ്തു.

## ഐ.പി.സി.പത്താംമൈൽ കൺവൻഷൻ

**ഇടുക്കി:** ഐ.പി.സി.പത്താംമൈൽ സഭാ കൺവൻഷൻ മാർച്ച് 1-3 വരെ നടക്കും. പാസ്റ്റർ പി.ജെ.സാമുവേൽകുട്ടി ഉദ്ഘാടനം ചെയ്യും. സുവി.ഗീതാ കൃഷ്ണൻ, വിനോദ് പന്തളം, ജാക്സൺ ദാസ് എന്നിവർ പ്രസംഗിക്കും. പാസ്റ്റർ സാം മാത്യു ഇവിടെ പ്രവർത്തിക്കുന്നു.

## എ.ജി.ചങ്ങനാശ്ശേരി

**കോട്ടയം:** എ.ജി.ചങ്ങനാശ്ശേരി സെക്ഷനിലെ പാത്താമുട്ടം എ.ജി. ഗിൽഗാൽ ചർച്ചിന്റെ കൺവൻഷൻ ഫെബ്രു.19-21 വരെ നടന്നു. ടി.വി. തങ്കച്ചൻ, പാത്താമുട്ടം സഭാ ശുശ്രൂഷകൻ റോയി വർഗീസ് എന്നിവർ നേതൃത്വം നൽകി.




## ഉപവാസ ഉണർവ്വ് യോഗം

പറന്തൽ: ഐ.പി.സി.പറന്തൽ സഭയിൽ മാർച്ച് 6-8 വരെ ഉപവാസ പ്രാർത്ഥനയും, ഉണർവ്വ് യോഗവും നടക്കും. പാസ്റ്റർ ജേക്കബ് ജോൺ (ഐ.പി.സി.ജനറൽ പ്രസിഡന്റ്), പാസ്റ്റർ ബെന്നി തൃശൂർ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ സജിമോൻ കെ.എ.ഇവിടെ ശുശ്രൂഷിക്കുന്നു.

## വെക്കേഷൻ സ്റ്റുഡന്റ്സ് കാർണിവൽ

പത്തനംതിട്ട: ചർച്ച് ഓഫ് ഗോഡ് പത്തനംതിട്ട ഡിസ്ട്രിക്ടിന്റെ വെക്കേഷൻ സ്റ്റുഡന്റ്സ് കാർണിവൽ ഏപ്രിൽ 1-8 വരെ ടൗൺ ചർച്ച് ഓഫ് ഗോഡ് സഭാഹാളിൽ നടക്കും. പാസ്റ്റർ തോമസ് എം.പുളിവേലിൽ ഉദ്ഘാടനം ചെയ്യും. എക്സൽ വിബിഎസ് പ്രോഗ്രാം നയിക്കും. മേരാ ദോസ്ത് എന്നതാണ് ചിന്താവിഷയം. ഡോ. ജെസ്സി ജെയ്സൺ കൗൺസിലിംഗ് ക്ലാസ്സ് എടുക്കും. സുനിൽ പി.കുരുവിള കരിയർ ഗൈഡൻസ് നടത്തും.

## ഡബ്ല്യു.യു.എം.സി.സെമിനാർ

ചങ്ങനാശ്ശേരി: എ.ജി.ചങ്ങനാശ്ശേരി സെഷൻ വിമൺസ് മിഷനറി കൗൺസിലിന്റെ ഏകദിന സെമിനാർ ഫെബ്രുവരി 20-ന് നടന്നു. റവ.പി.റ്റി.തോമസ് ക്ലാസ് എടുത്തു.

# ചൈനയിൽ വീട്ടുസഭകളെ ഉന്മൂലനം ചെയ്യുന്നു

*1-ാം പേജ് തുടർച്ച*

നുള്ള പദ്ധതിയാണ് ഒരുക്കിയിരിക്കുന്നത്. സ്റ്റേറ്റ് അഡ്മിനിസ്ട്രേഷൻ ഓഫ് റിലീജിയസ് അഫയേഴ്സ് (SARA)ഡിപ്പാർട്ടുമെന്റാണ് TSPM എന്നപദ്ധതി നടപ്പിലാക്കുന്നത്. കൃത്യമായ കണക്കുകൾ കണ്ടെത്തിയശേഷം രണ്ടു ഘട്ടങ്ങളിലായി ഗവൺമെന്റ് സ്പോൺസേഡ് പീഢനങ്ങൾ അഴിച്ചു വിടാനാണ് പദ്ധതി.

2011-നെ അപേക്ഷിച്ച് 2012-ൽ ക്രിസ്ത്യാനികൾക്ക് നേരെയുള്ള പീഡനങ്ങൾ 42% വർദ്ധിച്ചതായി ചൈനയിലെ മനുഷ്യാവകാശ സംഘടനയായ ചൈന എയ്ഡ് റിപ്പോർട്ട് ചെയ്യുന്നു. വ്യക്തിപരമായ ആക്രമണങ്ങൾ 14% വർദ്ധനയുണ്ടായതായി കണക്കാക്കപ്പെടുന്നു.

ഗവൺമെന്റിന്റെ നേരിട്ടുള്ള ഭരണപ്രദേശമായ ബീജിംഗിൽ ഇതിനകം 934 ക്രിസ്ത്യാനികളെ ബാധിക്കുന്ന 62 പീഡനക്കേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. വടക്കു കിഴക്കൻ ചൈനയിലെ സിൻജിയാംഗ് പ്രവിശ്യയിലും 11 കേസുകളിലായി 382 പേർ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്. 132 സംഭവങ്ങളിൽ പ്രതിയാക്കപ്പെട്ടിട്ടുള്ള 4919 ക്രിസ്ത്യാനികളിൽ 442 പുരോഹിതന്മാർ ഉൾപ്പെട്ടിട്ടുള്ളതായും ചൈനാ എയ്ഡിന്റെ വാർഷിക കണക്കുകൾ സൂചിപ്പിക്കുന്നു. പീഢനമുറകളിൽ ശാരീരിക പീഡനം, മാനസിക അവഹേളനങ്ങൾ, തടവ് എല്ലാം ഉൾപ്പെടുന്നു.

ചൈനയുടെ പുതിയ നേതാവായ ജീൻവാങ്ങിന്റെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത വീട്ടുസഭകളെ തടയിടുവാനുള്ള നീക്കങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. ബീജിംഗിലെ ഷോവാങ്സഭയുടെ പാസ്റ്റർ ജിൻറ്റിയാൻമിംഗും ഭാര്യയും 2011 മുതൽ വീട്ടുതടങ്കലിലാണ്. പുറത്തിറങ്ങാനോ മറ്റാർക്കും അവരുടെ വീട്ടിനുള്ളിൽ പ്രവേശിക്കുവാനോ അനുവാദമില്ല. മോർണിംഗ് സ്റ്റാർ ന്യൂസ് വെളിപ്പെടുത്തുന്നു.

2008-ലും 2009ലും സഭാ നേതാക്കന്മാരെയും പട്ടണസഭകളെയും മാത്രമാണ് ഉന്നം വെച്ചിരുന്നതെങ്കിൽ 2010 ആയപ്പോഴേക്കും മാഫിയാ രീതികളുപയോഗിച്ച് മനുഷ്യാവകാശ പ്രവർത്തകരേയും നീതിക്ക് വേണ്ടി വാദിക്കുന്ന നിയമജ്ഞരേയും വരെ കുടുക്കുന്ന സ്ഥിതിഗതികളുണ്ടായി എന്ന് ചൈനാ എയ്ഡ് വിലയിരുത്തുന്നു. ക്രിസ്ത്യാനികളെ അഥവാ വീട്ടുസഭകളെ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുവാൻ ഈ മൂന്നു ഘട്ട പദ്ധതികളിലൂടെ സാധിക്കുമെന്നാണ് ചൈന ഗവൺമെന്റ് കരുതുന്നത്.

## ചേറ്റുകുഴി കൺവൻഷൻ

ചേറ്റുകുഴി: ഗ്രെയ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെയും ഐ.പി.സി ഗ്രെയ്സ് ചർച്ചിന്റെയും ആഭിമുഖ്യത്തിൽ 10-ാമത് ചേറ്റുകുഴി കൺവൻഷൻ ഫെബ്രു.17-19 വരെ ഗ്രെയ്സ് നഗറിൽ നടക്കും.

## എ.ജി.നെടുങ്കണ്ടം സെക്ഷൻ നിലവിൽ വന്നു

നെടുങ്കണ്ടം: അസംബ്ലീസ് ഓഫ് ഗോഡ് ഇടുക്കി സെക്ഷൻ വിഭജിച്ച് നിലവിൽ വന്ന നെടുങ്കണ്ടം സെക്ഷൻ കമ്മറ്റി ഭാരവാഹികളായി പ്രസ്ബിറ്റർ പാസ്റ്റർ മനോജ് ചിറ്റാർ, ട്രഷറാർ പാസ്റ്റർ ഐജു വി.കുര്യാക്കോസ്, കമ്മറ്റി മെമ്പേഴ്സ് ജെയ്സൺ തോമസ്, ജോസ് തോമസ് എന്നിവരെ തിരഞ്ഞെടുത്തു. ഉത്തരമേഖലാ ഡയറക്ടർ റവ.ജോസ് തോമസ് നേതൃത്വം നൽകി.


ADMISSION BOOKING STARTED 2013



MBBS, BDS, PHARM.D. ENGG., BBA -AVIATION , SPEECH & HEARING RESPIRATORY THERAPY, RENAL DIALYSIS, PC BSC NURSING, PERFUSION TECHNOLOGY, POLY TECHNIC, MSC NURSING

ഇന്ത്യയിലെ പ്രശസ്തമായ കോളേജുകളിൽ വളരെ മിതമായ ഫീസിൽ അഡ്മിഷൻ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും കരിയർ കൗൺസിലിംഗിനും അഡ്മിഷനും ബന്ധപ്പെടുക.

വിശ്വാസികളാൽ നടത്തപ്പെടുന്ന വിശ്വസ്ത സ്ഥാപനം.

Call @ 9947963438 9847170530

CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION

1st Floor, Amprayil Bldgs, YMCA Jn. THIRUVALLA
Ph: 0469-2620999, 2606002


## ഐ.പി.സി.കോട്ടയം തിയോളജിക്കൽ സെമിനാരി പ്രസ്താവന

ഇന്ത്യാ പെന്തക്കോസ്തു ദൈവ സഭയിലെ ജനറൽ കൗൺസിൽ അംഗങ്ങൾക്കും എല്ലാ സഭാ ശുശ്രൂഷകന്മാർക്കും ദൈവ ജനത്തിനും ഐ.പി.സി. കോട്ടയം സെമിനാരിയെ സ്നേഹിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം!.

കഴിഞ്ഞ ചില മാസങ്ങളായി ഐ.പി.സി. സ്റ്റേറ്റ്/ജനറൽ ഇലക്ഷനുകളൊടനുബന്ധിച്ച പുറത്തിറങ്ങിയിട്ടുള്ള പ്രസ്താവനകളാണ് ഈ കുറിപ്പിനാധാരം. നിർഭാഗ്യവശാൽ ഇലക്ഷൻ സംബന്ധമായ കാര്യങ്ങളിൽ ഐ.പി.സി. സെമിനാരി ഇടപെടൽ നടത്തിയെന്ന് തെറ്റിദ്ധാരണ വരുത്തിത്തീർക്കുന്ന തരത്തിൽ ഉള്ള പ്രസ്താവനയിൽ സെമിനാരിക്കുള്ള പ്രതിഷേധം പൊതുസമൂഹത്തെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഇലക്ഷനോടനുബന്ധിച്ച് ഇങ്ങനെയുള്ള ആരോപണങ്ങൾ ഉണ്ടായപ്പോൾ ത്തന്നെ ഐ.പി.സി.ഇ.ഡബ്യ്യു.എസ്സിന്റെ സെക്രട്ടറിയും സെമിനാരി പ്രിൻസിപ്പാളും റവ. ഡോ. വത്സൻ എബ്രഹാമിനെ നേരിട്ടുകണ്ട് സത്യാവസ്ഥ വിശദീകരിച്ചിട്ടുള്ളതാണ്. എന്നിട്ടും അതിനുശേഷം പുറത്തുവന്ന ഒരു പ്രസ്താവനയിൽ ഐ.പി.സി. സെമിനാരിയുടെ പേര് വലിച്ചിഴക്കപ്പെട്ടതിൽ സെമിനാരി സമൂഹത്തിനുള്ള അതിയായ ഖേദം രേഖപ്പെടുത്തുന്നു. തുടക്കം മുതൽ നാളിതുവരെ കുമ്പനാട്ടു നടക്കുന്ന ഇലക്ഷനിൽ സെമിനാരി ഇടപെടുകയൊ അച്ചടി മാധ്യമങ്ങളിലൂടെയോ മറ്റു മാധ്യമങ്ങളിലൂടെയോ അവയെപ്പറ്റി പ്രതികരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടില്ല.

ക്രിസ്തീയ മൂല്യങ്ങൾക്കധിഷ്ഠിതമായ പഠിപ്പിക്കലുകളും പരിശീലനവും നൽകി വിദ്യാർത്ഥികളെ ക്രിസ്തുവിൽ പക്വതയുള്ളവരായി വളർത്തിയെടുത്ത് ലജ്ജിപ്പാൻ സംഗതിയില്ലാത്ത ശുശ്രൂഷകരാക്കുക എന്നതാണ് സെമിനാരിയുടെ ഉദ്ദേശം. സെമിനാരിയിലുള്ള അധ്യാപകരും സ്റ്റാഫ് അംഗങ്ങളും ഇക്കാര്യങ്ങൾക്കായി മുഴുസമയം പ്രവർത്തിക്കുന്നതിനാൽ മുൻപറഞ്ഞ കാര്യങ്ങളിൽ ഇടപെടുവാൻ താത്പര്യപെടുന്നതുമില്ല.

ഭാരത സുവിശേഷീകരണത്തിനായി ദർശനമുള്ളതും യത്നിക്കുന്നതുമായ ഈ പ്രസ്ഥാനത്തെ കഴിഞ്ഞ 12 വർഷങ്ങളിൽ ദൈവം അത്ഭുതകരമായി നടത്തി. ഇന്ത്യയുടെ 18 സംസ്ഥാനങ്ങളിൽ നിന്നും ഉള്ള വിദ്യാർത്ഥികൾ ഇവിടെ ദൈവവചനം പഠിക്കുന്നു. 2001 ൽ 16 വിദ്യാർത്ഥികളുമായി തുടക്കം കുറിച്ച ഈ പ്രസ്ഥാനത്തിന് അത്ഭുതപൂർവ്വമായ വളർച്ചയാണ് ദൈവം നൽകിയത്. ഇതിൽ ഐ.പി.സി. സഭകളും വ്യക്തികളും നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. ഐ.പി.സി. സഭകളുടെയും വ്യക്തികളുടെയും പൊതുചുമതലയിൽ ഉള്ള ഈ സ്ഥാപനത്തിൽ നിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളിൽ ഒട്ടുമിക്കവരും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ സഭാ സ്ഥാപനം, സഭാ പരിപാലനം എന്നിവയും ഇതര ശുശ്രൂഷകളിലും ഏർപ്പെട്ടിരിക്കുന്നു. ഐ.പി.സി. യുടെ പ്രവർത്തനങ്ങളുടെ വളർച്ചക്ക് ഇവരുടെ സംഭാവനകൾ എടുത്തുപറയത്തക്കതാണ്.

ഈ വിഷയം സംബന്ധിച്ച് ഐ.പി.സി. സെമിനാരി മേലാൽ പ്രസ്താവനകളൊ പ്രതികരണങ്ങളൊ ഇറക്കുന്നതല്ല.

എന്ന്.

| | | |
|---|---|---|
| **പാസ്റ്റർ. എബി പീറ്റർ** | **ബ്രദർ.സജി പോൾ** | **ബ്രദർ. വർക്കി എബ്രഹാം** |
| പ്രിൻസിപ്പാൾ | IPCEWS സെക്രട്ടറി | IPCEWS പ്രസിഡന്റ് |

# പെന്തെക്കോസ്തിന്റെ ആദ്യ വെക്കേഷൻ സിലബസ് ചിൽഡ്രൻസ് ഫെസ്റ്റ് 2500 പ്രോഗ്രാമുകൾ എന്ന ചരിത്ര നേട്ടത്തിലേക്ക്

- കഴിഞ്ഞ 5 വർഷം കൊണ്ട് തിമഥി ഇൻസ്റ്റിറ്റ്യൂട്ട് അഞ്ച് ലക്ഷം കുട്ടികളെ ചിൽഡ്രൻസ് ഫെസ്റ്റിലൂടെ ഇൻഡ്യയിലുടനീളം സന്ധിച്ചു.
- മൂന്നുലക്ഷം കുട്ടികൾക്ക് യേശുവിനെ ആദ്യമായി പരിചയപ്പെടുത്തി.
- എല്ലാ വർഷവും പുതിയ വർക്ക് ബുക്കുകളും, പുതിയ ക്രാഫ്റ്റുകളും ചിന്താവിഷയത്തിൽ അധിഷ്ഠിതമായ ഗാനങ്ങളും ഉൾപ്പെടെ വ്യത്യസ്തതയാർന്ന പാഠ്യപദ്ധതി.
- ഇൻഡ്യയിൽ ആദ്യമായി ഓരോ തീമിനും പ്രത്യേക ലോഗോയും, ഓരോ ചിന്താവിഷയത്തെയും അടിസ്ഥാനമാക്കി ഡിസൈൻ ചെയ്യുന്ന മുപ്പത്തിലധികം വ്യത്യസ്തതയാർന്ന പഠന സാമഗ്രികളും.
- മലയാളം ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾകൂടാതെ ഇന്ത്യയിലെ മറ്റു പ്രമുഖ ഭാഷകളിലും സിലബസ് ലഭ്യമാണ്.




## ചിൽഡ്രൻസ് ഫെസ്റ്റിന്റെ പ്രത്യേകതകൾ

മഹത്തായ അഞ്ച് തീമുകൾക്ക് ശേഷം പുറത്തിറങ്ങുന്ന ചിന്താവിഷയമാണ് 'പാഡി കാ പാഠം.' യേശു കർത്താവിന്റെ ഉപമകളിൽ പ്രസിദ്ധമായ വിതക്കാരന്റെ ഉപമയിൽ നിന്നാണ് (ലൂക്കോസ് 8:4-15) ഈ തീം രൂപപ്പെടുത്തിയിരിക്കുന്നത്.

ഒരുക്കപ്പെട്ട ഹൃദയമാകുന്ന നിലത്തെക്കുറിച്ചും, ദൈവവചനമാകുന്ന വിത്തിന്റെ പ്രാധാന്യവും, ദൈവരാജ്യത്തിൽ ഉള്ള അദ്ധ്വാനത്തിന്റെ മഹത്വവും, നിത്യതയിലേക്കുള്ള കൊയ്ത്തും, ഫലശേഖരണവുമാണ് പ്രധാന പാഠങ്ങളിൽ കൈകാര്യം ചെയ്യുന്നത്. ഇതോടൊപ്പം പ്രകൃതിസംരക്ഷണവും, അദ്ധ്വാനത്തിന്റെ മഹത്വവും, കേരളകാർഷിക സംസ്ക്കാരവും, കാർഷിക വൃത്തിയുടെ ഗൃഹാതുരത്വവും കുട്ടികളുമായി പങ്കുവെയ്ക്കുന്നു.

വ്യത്യസ്തതയാർന്ന ഗാനങ്ങൾ, കഥകൾ, മനഃപാഠവാക്യങ്ങൾ, മിഷനറി സ്റ്റോറി, തീമുമായി ബന്ധപ്പെട്ട് പുതുതായി തയ്യാറാക്കിയിരിക്കുന്ന വർക്കു ബുക്കുകൾ, ആവേശം ഉണർത്തുന്ന ഗെയിമുകൾ, കൂട്ടുകാർക്ക് ഏറ്റവും പ്രിയങ്കരമായ ക്രാഫ്റ്റ് വർക്കുകൾ എന്നിവ ചിൽഡ്രൻസ് ഫെസ്റ്റിന്റെ പ്രത്യേകതയാണ്.

## നോർത്ത് ഇന്ത്യയിലും, ഗൾഫ്, യൂറോപ്യൻ രാജ്യങ്ങളിലേക്കും ..

കേരളത്തിൽ നിന്ന് പുറത്തിറങ്ങുന്ന വെക്കേഷൻ സിലബസുകളിൽ ചിൽഡ്രൻസ് ഫെസ്റ്റിനു മാത്രം അവകാശപ്പെടാവുന്ന നേട്ടമാണ് ഇന്ത്യയിലെ പ്രമുഖ ഭാഷകളിൽ ഇന്ന് സിലബസ് ലഭ്യമാകുന്നു എന്നത്. ഹിന്ദി, തമിഴ്, തെലുങ്ക്, ഒറിയ, മലയാളം ഭാഷകളിൽ ഇന്ന് ചിൽഡ്രൻസ് ഫെസ്റ്റ് സിലബസ് ലഭ്യമാണ്. ദുബൈ, ദോഹ, കുവൈറ്റ്, സൗദിഅറേബ്യ തുടങ്ങി മിക്ക ഗൾഫ് രാജ്യങ്ങളിലും അമേരിക്ക, യു.കെ, അയർലന്റ് തുടങ്ങിയ പശ്ചിമ രാജ്യങ്ങളിലും ചിൽഡ്രൻസ് ഫെസ്റ്റ് ഇന്ന് സുപരിചിതമാണ്. മികച്ച നിലവാരത്തിൽ പുറത്തിറങ്ങുന്ന ചിൽഡ്രൻസ് ഫെസ്റ്റ്, ഇംഗ്ലീഷ് എഡിഷൻ കുട്ടികളുടെ പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു എന്നതാണ് സിലബസിനെ പ്രിയങ്കരമാക്കുന്നത്. ഇതുകൂടാതെ ആഫ്രിക്കൻ രാജ്യമായ ലിബിയയിലും നമ്മുടെ അയൽരാജ്യമായ നേപ്പാളിലും ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹങ്ങളിലും ചിൽഡ്രൻസ് ഫെസ്റ്റ് പ്രോഗ്രാമുകൾ നടക്കുന്നു.

## 4 വയസ്സുകാരിയുടെ മാനസാന്തരം

തിരുവനന്തപുരം കല്ലയത്തിനടുത്ത് ഒരു സ്വതന്ത്രസഭ 2011ൽ ചിൽഡ്രൻസ് ഫെസ്റ്റ് സംഘടിപ്പിച്ചു. അതിൽ ഒരു 4 വയസ്സുകാരി പെൺകുട്ടി. അവസാനദിവസം സമർപ്പണ ശുശ്രൂഷയിൽ എഴുന്നേറ്റുനിന്ന് യേശു എന്റെ രക്ഷകൻ എന്നു പറഞ്ഞു.

ഈ 4 വയസ്സുകാരി കേരളത്തിൽ കോളിളക്കം ഉണ്ടാക്കിയ പീഡന കേസിലെ അവസാനിക്കാത്ത കഥാപാത്രമാണ്. ഈ കുട്ടി ജനിക്കുന്നതിന് മുൻപ് അച്ഛൻ മരിച്ചു. 14 വയസ്സുള്ള അമ്മ പ്രസവത്തോടെ മരിച്ചു. വല്ല്യച്ഛന്റെയും അമ്മൂമ്മയുടേയും സംരക്ഷണത്തിൽ പിഞ്ചു ബാലിക വളർന്നു. അവധിക്കാലത്ത് സഭാഹാളിനടുത്ത് താമസിക്കുന്നവർ ഈ കുട്ടിയെ ചിൽഡ്രൻസ് ഫെസ്റ്റിന് അയച്ചു. പ്രോഗ്രാം തീർന്ന ഞായറാഴ്ച ഈ 4 വയസ്സുകാരി അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും കൈ പിടിച്ച് സഭാഹാളിൽ കൂട്ടികൊണ്ടുവന്നു. ഇപ്പോൾ ഈ നാലുവയസ്സുകാരിയുടെ കുടുംബം സ്നാനപ്പെട്ട് സഭയിലെ വളരെ സജീവമായ കുടുംബമായി മാറി.

## പ്രമുഖ മിഷൻ സംഘടനകൾക്കൊപ്പം

പ്രമുഖ മിഷൻ സംഘടനകളായ ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീം ന്യൂഡൽഹി, ഇൻഡ്യാ മിഷൻ ബീഹാർ, അവാന ഇന്റർനാഷണൽ എന്നിവയുമായി ബാലസുവിശേഷികരണ രംഗത്ത് പങ്കാളിത്തത്തിലാണിന്ന് ചിൽഡ്രൻസ് ഫെസ്റ്റ്.

ഡോ. പി.ജി. വർഗീസ് നേതൃത്വം നൽകുന്ന ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീം ചിൽഡ്രൻസ് ഫെസ്റ്റ് സിലബസിന്റെ ഉയർന്ന നിലവാരം ബോധ്യപ്പെട്ട് ഔദ്യോഗിക സിലബസായി അംഗീകരിച്ചു.

ചില വർഷങ്ങളായി തിമഥിയുമായി പ്രവർത്തന പങ്കാളിത്തത്തിലേർപ്പെട്ടിരിക്കുന്ന സംഘടനയാണ് ഇൻഡ്യാ മിഷൻ.

അവാന ഇന്റർനാഷണൽ ഇന്ന് കേരളത്തിൽ തിമഥി ഇൻസ്റ്റിറ്റ്യൂട്ടുമായി പ്രവർത്തന പങ്കാളിത്തത്തിലാണ്. ഗെയിംസുകളിൽ അധിഷ്ഠിതമായ പുതിയ പാഠ്യപദ്ധതി പരിചയപ്പെടുത്തി 3 ചിൽഡ്രൻസ് ക്ലബ് ട്രെയിനിംഗുകൾ കേരളത്തിൽ നടത്തപ്പെട്ടു.

## കുമ്പനാട് കൺവൻഷനിലും യൂത്ത് ക്യാമ്പുകളിലും പുതിയ തുടക്കങ്ങൾ

മാരാമൺ കൺവൻഷൻ ഒഴിച്ച് ഒരു ആത്മീയ ശുശ്രൂഷയിലും കുട്ടികൾക്ക് ഒരു പരിഗണനയും ലഭിച്ചിരുന്നില്ല. കേരളത്തിലെ ഏറ്റവും വലിയ പെന്തക്കോസ്തു സംഗമമായ കുമ്പനാട് കൺവൻഷനിൽ ഈ രീതിക്ക് ഒരു മാറ്റം ഉണ്ടായി. കൺവൻഷന് മുതിർന്നവരുടെ പ്രോഗ്രാമുകൾക്ക് സമാന്തരമായി തിങ്കൾ മുതൽ ശനി വരെ കഴിഞ്ഞ 5 വർഷങ്ങൾ തുടർച്ചയായി കുട്ടികളുടെ പ്രോഗ്രാം നടത്തുവാൻ സഭാ നേതൃത്വം തിമഥി ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തി. യൂത്ത് ക്യാമ്പുകളിൽ പങ്കെടുക്കുന്ന 13 വയസ്സിനു താഴെയുള്ള കുട്ടികൾ വെറും കാഴ്ചക്കാരായിരുന്ന അവസ്ഥയ്ക്കും മാറ്റം ഉണ്ടായി. പി.വൈ.പി.എ (IPC), സി.ഇ.എം (Sharon), വൈ.പി.സി.എ (New India), വൈ.പി.ഇ (COG) ക്യാമ്പുകളിൽ കഴിഞ്ഞ ചില വർഷങ്ങളിൽ തുടർച്ചയായി തിമഥി ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന കിഡ്സ് സെക്ഷനുകൾ ഫലവത്താണെന്ന് നേതൃനിരയിലുള്ളവരും പങ്കെടുക്കുന്ന കുട്ടികളും സാക്ഷ്യപ്പെടുത്തുന്നു.

**TIMOTHY INSTITUTE**, P.B. No. 22, Kuttapuzha P.O., Tiruvalla 689 103, Kerala, India
E-mail: timothyinstitute@gmail.com, Tel:00919656217909, 9745647909

## ഭാരവാഹികൾ




മല്ലപ്പള്ളി: പി.വൈ.പി.എ.മല്ലപ്പള്ളി സെന്റർ ഭാരവാഹികളായി പാസ്റ്റർ റിജോ തോമസ് (പ്രസിഡന്റ്), പാസ്റ്റർ ബൈജു ജോർജ്ജ് മാത്യു(വൈസ് പ്രസിഡന്റ്), പാസ്റ്റർ അനീഷ് ഏബ്രഹാം (സെക്രട്ടറി), പാസ്റ്റർ കെ. എൻ.യേശുദാസ് (ജോയിന്റ് സെക്രട്ടറി), കോളിൻസ് ഐസക് തോമസ് (ട്രഷറാർ), ഫിന്നി തോമസ് (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

## നെടുമ്പാശ്ശേരി ഏരിയ രൂപീകൃതമായി



കോട്ടക്കൽ: ഐ.പി.സി. നെടുമ്പാശ്ശേരി ഏരിയ കൺവീനറായി പാസ്റ്റർ സണ്ണിമാത്യുവിനെ ജനുവരി 31 ന് സ്റ്റേറ്റ് പ്രസ്ബിറ്ററി നിയമിച്ചു.ബാലനഗർ (ഹൈദ്രാബാദ്), കൂരാച്ചുണ്ട് എന്നീ സഭകളിൽ ശുശ്രൂഷിച്ചതിനുശേഷം കഴിഞ്ഞ പതിനാല് വർഷമായി കോട്ടക്കൽ ഐ.പി.സി. സഭയുടെ ശുശ്രൂഷകനാണ്. മലബാറിലെ മികച്ച സംഘാടകനുമാണ്.

## എക്സൽ വെക്കേഷൻ ബൈബിൾ സ്ക്കൂൾ ഡയറക്ടേഴ്സ് പരിശീലനങ്ങൾ

തിരുവല്ല: എക്സൽ വെക്കേഷൻ ബൈബിൾ സ്കൂൾ ഡയറക്ടേഴ്സ് പരിശീലനങ്ങൾ ഫെബ്രു 23 ന് കാസർഗോഡ്, കാഞ്ഞങ്ങാട് ആരംഭിക്കും. മേരാ ദോസ്ത് എന്നതാണ് ചിന്താവിഷയം. കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലുമായി 30 ലധികം പരിശീലനങ്ങളും 2000 ലധികം വിബിഎസ്സുകളും നടക്കും. ഫെബ്രു 25 തളിപ്പറമ്പ്, ഹൈവേ ഇൻ, ചിറവക്ക്, 26 ന് കണ്ണൂർ - ലേമാൻ ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഹാൾ, മാർച്ച് 2 ന് അടൂർ ടൗൺ എ ജി ചർച്ച്, മാർച്ച് 4-5 പാലക്കാട് ടൗൺ എ ജി ചർച്ച്, മാർച്ച് 11ന് കുന്നംകുളം, മാർച്ച് 6 ചിറ്റൂർ, മാർച്ച് 6. തൊടുപ്പുഴ, ഐശര്യ ടൂറിസ്റ്റ് ഹോം, മാർച്ച് 4-5 കോഴിക്കോട്, പുതിയറ ചർച്ച് ഓഫ് ഗോഡ്, മാർച്ച് 9 വയനാട്, മാർച്ച് 11 നിലമ്പൂർ, ഉപ്പട. മാർച്ച് 11 എറണാകുളം -ഹൈലാൻഡ് ഇമ്മാനുവേൽ മനോരമ ജംഗ്ഷൻ, മാർച്ച് 12-13 വടക്കാഞ്ചേരി, രെഹബോത്ത് വർഷിപ്പ് സെന്റർ, മാർച്ച് 12-13 കോട്ടയം, ഫിലദെൽഫിയ ഹാൾ, മാർച്ച് 13 പത്തനാപുരം എ.ജി.ചർച്ച്, മാർച്ച് 15-16 നെയ്യാറ്റിൻകര മുൻസിപ്പൽ ടൗൺ ഹാൾ, മാർച്ച് 16 കുമളി അണക്കര, എ.ജി.ചർച്ച്, മാർച്ച് 18-19 പറവട്ടാനി ശാരോൻ ചർച്ച്, മാർച്ച് 20-21 പേരൂർക്കട, എ.ജി.ചർച്ച്, കുടപ്പനകുന്ന് റോഡ്. മാർച്ച് 21 മാവേലിക്കര, കല്ലുമല ചർച്ച് ഹാൾ, മാർച്ച് 22-23, മാരാമൺ റിട്രീറ്റ് സെന്റർ, മാർച്ച് 23 അഞ്ചൽ എ.ജി.ചർച്ച്, മാർച്ച് 26 കൊല്ലം -വൈ.എം.സി.എ. എന്നിവടങ്ങളിലും നടക്കും. നേപ്പാൾ, ദുബായ്, കുവൈറ്റ്, തുടങ്ങിയ വിദേശരാജ്യങ്ങളിലും ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിലുമായി വിബിഎസ്സുകൾ നടക്കും. ബിനു വടശേരിക്കര, 9495834994, അനിൽ ഇലന്തൂർ 9496325026, E-mail : excelvbs@gmail.com

## യാത്രയായി

### ജോൺ വി.ജെ



ഉപ്പുതറ: ഐ.പി.സി. കോതപ്പാറ സഭാംഗം വാണിയപ്പുരയ്ക്കൽ കുടുംബാംഗമായ ജോൺ വി.ജെ.(72) ഫെബ്രുവരി 3-ന് നിര്യാതനായി. ഭാര്യ: ഏലിക്കുട്ടി, മക്കൾ: അനിൽ ജോൺ (ഐ.പി.സി. വണ്ടൂർ), ജോയി, ജോസഫ്, ജോൺസൺ (ഷാജി)

### ഏലിയാമ്മ തോമസ്



കോട്ടയം: പരുത്തുംപാറ ഇന്ത്യാ പെന്തക്കോസ്തു ദൈവസഭാംഗം വട്ടമല വി. എ.തോമസിന്റെ ഭാര്യ ഏലിയാമ്മ (അമ്മിണി-63) ഫെബ്രുവരി 12ന് നിര്യാതയായി. സംസ്കാരം പാസ്റ്റർ പി.ജി. മാത്യൂസ് നടത്തി. പരേത വാകത്താനം പൂവാടിയിൽ കുടുംബാംഗമാണ്. മറ്റു മക്കൾ: ചീരംകുളം ദൈവസഭാ പാസ്റ്റർ വി.റ്റി.ഏബ്രഹാം, കൊച്ചുമോൾ, സജി. മരുമക്കൾ: ജെസ്സി പേഴുംപാറ, സജി നടുവത്ര (ഗുഡ്ന്യൂസ്), പ്രിസ്കില്ല കുമ്പനാട്.

## പാത്താമുട്ടം സഭാ ഹോൾ സമർപ്പിച്ചു




കോട്ടയം: പാത്താമുട്ടം എ.ജി.സഭ നിർമ്മിച്ച പുതിയ ആരാധനാലയം സമർപ്പണ ശുശ്രൂഷ റവ.റ്റി. ജെ.സാമുവൽ നിർവ്വഹിച്ചു. പാസ്റ്റർ പി.വൈ.രാജൻ സങ്കീർത്തന ധ്യാനത്തിനു നേതൃത്വം നൽകി. സജീവ് റിപ്പോർട്ട വതരിപ്പിച്ചു. പാസ്റ്റർ റ്റി.വി.തങ്കച്ചൻ ആദ്ധ്യക്ഷം വഹിച്ചു. സഭാ ശുശ്രൂഷകൻ റോയി വർഗീസ് സ്വാഗതവും സഭാ സെക്രട്ടറി ഒ.ജെ. ജോസഫ് നന്ദിയും പറഞ്ഞു

## പ്രിസ്കില്ല ബൈബിൾ കോളജ്

അടൂർ: എ.ജി.മലയാളം ഡിസ്ട്രിക്ട് ഡബ്ല്യൂ.എം.സി.യുടെ നേതൃത്വത്തിൽ കടമ്പനാട് തുവയൂർ സ്നേഹഭവനത്തിൽ വനിതകൾക്കു മാത്രമായി പ്രവർത്തിക്കുന്ന പ്രിസ്കില്ല ബൈബിൾ കോളജിൽ പെൺകുട്ടികൾക്കും സ്ത്രീകൾക്കുമായി നടത്തി വരുന്ന മദ്ധ്യവേനൽ അവധിക്കാല ക്ലാസ്സുകൾ ഈ വർഷം ഏപ്രിൽ ഒന്നിനു ആരംഭിക്കുന്നു. ഡബ്ല്യൂ. എം. സി. ഡിസ്ട്രിക്ട് പ്രസിഡന്റ് മറിയാമ്മ സാമുവലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ക്ലാസ്സുകൾ നടത്തുന്നത്. എട്ടാം ക്ലാസ്സിനു മുകളിലോട്ടുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കും സഭാവ്യത്യാസമില്ലാതെ പ്രവേശനം നൽകും.


## അപ്പോസ്തലിക് യൂത്ത് മൂവ്മെന്റ് (AYM)

AYM സംഘടിപ്പിക്കുന്ന

**4-ാമത് മെഗാ ബൈബിൾ ക്വിസ് മത്സരം**

തീയതി : ഏപ്രിൽ 13 ശനി
സമയം : ഉച്ചയ്ക്ക് 2 മണി മുതൽ 4.30 വരെ
സ്ഥലം : കല്ലിയൂർ എബൻനേസർ ഹാൾ

1-ാം സമ്മാനം : 25,000 രൂപ , 2-ാം സമ്മാനം : 10,000 രൂപ
3-ാം സമ്മാനം : 5,000 രൂപ
കൂടാതെ മറ്റ് പ്രോത്സാഹന സമ്മാനങ്ങളും നല്കുന്നു.

വിഷയം: റോമർക്ക് എഴുതിയ ലേഖനം മുതൽ യൂദാ വരെ (21 ലേഖനങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ)

☑ ഓരോ ചോദ്യത്തിനും നാല് ഉത്തരങ്ങൾ തരും അതിൽ നിന്ന് ശരിയായ ഉത്തരം മാർക്ക് ചെയ്താൽ മതി. ☑ ആകെ 100 മാർക്കിൽ നിന്നും ☑ പാസ്റ്റർമാർ ഒഴികെ മറ്റെല്ലാവർക്കും പ്രായഭേദ്യമില്ലാതെ സംബന്ധിക്കാവുന്നതാണ്.

താല്പര്യമുള്ളവർ ഏപ്രിൽ 8ന് മുമ്പായി ഫോണിലൂടെയോ, നേരിട്ടോ പേർ രജിസ്ട്രർ ചെയ്യേണ്ടതാണ്.

ഫോൺ: 9947472000 (ബ്രദർ ഷൈജു റ്റി. കല്ലിയൂർ)
9447509152 (ബ്രദർ റിജോ തോമസ്)


## പുതിയ വിസിഡി മഴവില്ല്

തിരുവല്ല: എക്സൽ വിബിഎസ്സിന്റെ പാട്ടുകളും കഥകളും അടങ്ങിയ പുതിയ വിസിഡി പുറത്തിറങ്ങി . മഴവില്ല് എന്ന പേരിൽ പുറത്തിറങ്ങിയ വിസിഡിയിലെ പ്രധാന കഥാപാത്രങ്ങൾ ഫണ്ണി മൗസും, കിട്ടുവും, മിന്നു എന്ന പപ്പറ്റുമാണ്. ബൈബിൾ കഥകൾ കോർത്തിണക്കി തയ്യാർ ചെയ്തിരിക്കുന്ന വീഡിയോയിലെ പാട്ടുകൾ കുഞ്ഞുങ്ങൾക്ക് ആത്മീകമായി വളരുവാൻ സഹായകമാണ്. വില.100 രൂപ. 9496325026

## ജോസ് കെ വർഗീസ് നിയമിതനായി

നിലമേൽ: ഐപിസി നിലമേൽ ഏരിയയുടെ സ്പോൺസർ ഡയറക്ടറായി ബ്രദർ ജോസ് കെ വർഗീസ് നിയമിതനായി. ഐപിസി മണക്കാല ശാലേം സഭാംഗമായ ഇദ്ദേഹം ഇപ്പോൾ ഐപിസി കുവൈറ്റ് സഭയുടെ മിഷൻ ഡയറക്ടറായും പ്രവർത്തിക്കുന്നു. പാസ്റ്റർ ജി.തോമസ്കുട്ടി ഏരിയ കൺവീനറായി പ്രവർത്തിക്കുന്നു.

## വെട്ടിയാറ്റ് ചെറിയാച്ചന്റെ ഓർമ്മകളുമായി പ്രിയ പുത്രൻ

*6-ാം പേജ് തുടർച്ച*

ലത്ത് അമേരിക്കയിലെത്തിയ ഇളയമകൻ റവ.ഡോ.ജോൺ ചെറിയാൻ ആ വീട് സ്വന്തമായി വാങ്ങുകയും മാതാപിതാക്കൾ ജീവിതകാലം മുഴുവൻ അവിടെ പാർക്കുവാൻ വഴിയൊരുക്കുകയും ചെയ്തു.

1976 ജൂലൈ 6ന് തന്റെ 78-ാം വയസിൽ ഈ ദൈവഭൃത്യൻ ഇമ്പങ്ങളുടെ പറുദീസയിലേക്ക് ചേർക്കപ്പെട്ടു. തന്റെ പ്രിയ പത്നി റാഹേലമ്മ 1995 ലും കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

നാലുമക്കളാണ് ഈ ദമ്പതികൾക്ക്. മൂത്തമകൾ മറിയാമ്മ - ഭർത്താവ് പാസ്റ്റർ കെ.ജെ തോമസ് ഇവർക്ക് അഞ്ചു മക്കൾ

ഏറ്റവും ഇളയമകൾ - ഗ്രെയ്സ്. ഭർത്താവ് താവു ഇവർക്ക് നാലു മക്കൾ.

രണ്ട് ആൺമക്കളിൽ ഇളയ ആൾ റവ.ഡോ.ജോൺ ചെറിയാൻ. ഭാര്യ ഗ്രെയ്സ് . ഇദ്ദേഹം അമേരിക്കയിൽ വന്ന് പഠിക്കുകയും അസംബ്ലീസ് ഓഫ് ഗോഡ് പ്രസ്ഥാനത്തിൽ പാസ്റ്ററായി സേവനമനുഷ്ടിക്കുകയും ചെയ്തു. ഇപ്പോൾ ശാരീരികമായി ക്ഷീണിതനായി. മക്കളില്ലാത്ത ഇദ്ദേഹം സഹോദരപുത്രൻ റോബിൻസന്റെ സംരക്ഷണയിൽ ഹൂസ്റ്റണിൽ താമസിക്കുന്നു.

മൂത്തമകൻ ഏബ്രഹാം ചെറിയാൻ (ബേബിച്ചൻ). ഭാര്യ മറിയാമ്മ. ഇദ്ദേഹം ദീർഘകാലം മിലിട്രിയിൽ സേവനമനുഷ്ഠിച്ചു. ഇവർക്ക് രണ്ടു മക്കൾ. മകൻ റോബിൻസനോടൊപ്പം ഹൂസ്റ്റണിൽ വിശ്രമജീവിതം നയിക്കുന്നു.


ADVANCE BOOKING STARTED - 2013-14

Helping you reach your DREAM CAREER

10 YEARS OF FAITHFULL SERVICE



MBBS | BDS | BAMS | BHMS | Pharm.D | B.Pharm
PERFUSION Tech | RENAL DYALISIS | CARDIAC CARE
M.Sc NURSING & P.C B.Sc NURSING ( REGULAR & CORRESPONDANCE )
ENGINEERING | POLYTECHNIC ( LATERAL ENTRY ) | AVIATION
MANAGEMENT | HOTEL MANAGEMENT
BSW | | FASHION DESIGNING

2nd Floor, Sankaramangalam Bldgs,
Cross Junction, Thiruvalla-1
Ph: 0469-3268555/ 3250555
www.dishaafoundation.com

Call us @ 9847143030

DISHAA FOUNDATION
find us on facebook: facebook.com/dishaafoundation

